**സബ്മിഷൻ**

മി. സ്പീക്കർ: ഞാൻ ഒരു കാര്യം പ്രതിപക്ഷ നേതാവിനോട് ആദ്യം സൂചിപ്പിക്കട്ടെ. ഇന്നലെ അടിയന്തര പ്രമേയമായി വന്ന അതേ വിഷയം തന്നെയാണ് ഇന്ന് മറ്റൊരു രൂപത്തിൽ വന്നിരിക്കുന്നത്. സാധാരണഗതിയിൽ ഒരു വിഷയം അടിയന്തര പ്രമേയമായി വന്നാൽ ആ സഭാസമ്മേളനകാലത്ത് അതേ വിഷയം ഉന്നയിക്കാൻ പാടില്ല. എങ്കിൽത്തന്നെയും പ്രതിപക്ഷ നേതാവിനുള്ള പ്രത്യേക പരിഗണന കണക്കിലെടുത്ത് ഈ സബ്മിഷൻ ഉന്നയിക്കാൻ അനുവദിക്കുന്നു.

(1) **ബാർക്കോഴ കേസ്**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): സർ, 20-03-2015, 01-4-2015, 11-11-2015 എന്നീ തീയതികളിലായി വിജിലൻസ് ഡയറക്ടർക്ക് ഞാൻ മൂന്ന് കത്തുകൾ നൽകിയിരുന്നു. ബാറുടമയായ ശ്രീ. ബിജു രമേശ് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന് പത്ത് കോടിരൂപ കൈക്കൂലി നൽകിയെന്ന ആരോപണം ഉയർന്നപ്പോഴാണ് ഈ കത്തുകൾ നൽകിയത്. 01-04-2015-ന് ഞാൻ നൽകിയ കത്തിനോടൊപ്പം ഒരു സി.ഡി.യും നൽകിയിരുന്നു. എന്നാൽ 31-03-2015-ന് വിജിലൻസ് ഡയറക്ടർ എനിക്ക് നൽകിയ കത്തിൽ സി.ഡി

അസ്പഷ്ടവും അപര്യാപ്തവുമായതുകൊണ്ട് കേസെടുക്കാൻ സാധിക്കുകയില്ലെന്ന് അറിയിച്ചു. അതിനുശേഷമാണ് ശ്രീ. ബിജു രമേശ് മജിസ്ട്രേട്ടിനു മുൻപാകെ സിആർ.പി.സി സെക്ഷൻ 164 പ്രകാരം മൊഴി നൽകിയത്. അതിനോടൊപ്പം അദ്ദേഹം കോടതിക്കുമുൻപിൽ ഒറിജിനൽ സി.ഡിയും സമർപ്പിച്ചിരുന്നു. അതേത്തുടർന്ന് 11-11-2015-ൽ ഞാൻ വീണ്ടും വിജിലൻസ് ഡയറക്ടർക്ക് കത്തയച്ചു. പ്രസ്തുത കത്തിൽ വിജിലൻസ് ഡയറക്ടർ എന്ന നിലയിൽ കോടതിയിൽ നിന്നും സെക്ഷൻ 164 പ്രകാരമുള്ള മൊഴിയും ഒറിജിനൽ സി.ഡി.യും ആവശ്യപ്പെട്ട് വാങ്ങണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഒരു സത്വര അന്വേഷണം നടത്തി എഫ്.ഐ.ആർ. തയ്യാറാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിജിലൻസ് ഡയറക്ടർ എന്റെ കത്തിന് ഇതുവരെ മറുപടി നൽകിയിട്ടില്ല. സ്വന്തമായി വിജിലൻസ് കേസുകൾ അന്വേഷിക്കുന്നതിന് ചുമതലപ്പെട്ട വിജിലൻസ് ഡയറക്ടർ രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങി എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ എഫ്.ഐ.ആർ ഇടുന്നതിന് തയ്യാറായില്ല. പകരം എറണാകുളം യൂണിറ്റിലെ അഴിമതി വീരനായ ഒരു ഉദ്യോഗസ്ഥനെകൊണ്ട് വിജിലൻസ് മാന്വലിൽ പോലുമില്ലാത്ത പ്രാഥമിക അന്വേഷണം നടത്തി ശ്രീ. കെ. ബാബുവിനെ കേസിൽ നിന്നും രക്ഷപ്പെടുത്തുകയായിരുന്നു. ഇതിനുപിന്നിൽ പ്രവർത്തിച്ചത്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയാണ്. തന്റെ പാർട്ടിക്കാരനായ മന്ത്രിയെ വെള്ളപൂശാൻ നടത്തിയ ഈ ഹീനമായ ഇടപെടൽ നിയമവാഴ്ചയോടുള്ള വെല്ലുവിളിയാണ്. ഭരണഘടന തൊട്ട് സത്യംചെയ്ത് പ്രീതിയോ വിദ്വേഷമോ ഇല്ലാതെ ഭരിക്കുമെന്ന് സത്യപ്രതിജ്ഞ ചെയ്ത ശ്രീ. രമേശ് ചെന്നിത്തല ഭരണഘടനാ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഇത് അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ്. ആയതിനാൽ ഞാൻ വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിൽ ആവശ്യപ്പെട്ട പ്രകാരം എഫ്.ഐ.ആർ. തയ്യാറാക്കി മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മന്ത്രി ശ്രീ. കെ. ബാബുവിനെതിരായ ആരോപണം ശ്രീ. ബിജു രമേശ് ആദ്യമായി ഉന്നയിക്കുന്നത് V.C.06/2014/SIU-1 എന്ന കേസിൽ തിരുവനന്തപുരം ജെ.എഫ്.സി.എം.-2 കോടതി മുൻപാകെ സിആർ.പി.സി 164 പ്രകാരം നൽകിയ മൊഴിയിലാണ്. ബാർ ലൈസൻസ് ഫീ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം പത്ത് കോടി രൂപ ബാർ അസോസിയേഷൻ ഭാരവാഹികൾ പലർക്കും നൽകിയെന്നാണ് അതിൽ പറഞ്ഞത്. ഈ ആരോപണം ശ്രദ്ധയിൽപ്പെട്ടയുടനെതന്നെ എസ്.ഐ.യു-1 ലെ എസ്.പി ശ്രീ. സുകേശനോട്

നേരത്തെ അന്വേഷിച്ചുകൊണ്ടിരുന്ന കേസിന്റെ ഭാഗമായി ഇത് അന്വേഷിക്കാൻ കഴിയുമോയെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. വിൻസൻ എം. പോൾ രേഖാമൂലം ആരാഞ്ഞു. എക്സൈസ് വകുപ്പുമന്ത്രിക്കെതിരായ ആരോപണം തികച്ചും വ്യത്യസ്തമാണെന്നും താൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ ഭാഗമല്ലായെന്നും എസ്.പി. ശ്രീ. സുകേശൻ മറുപടി നൽകി. തുടർന്ന് ഈ ആരോപണത്തിന്മേൽ വിജിലൻസ് ഡയറക്ടർ ഒരു പ്രാഥമിക അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണത്തിനായി പ്രാപ്തനായ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ എറണാകുളം റെയ്ഞ്ച് വിജിലൻസ് എസ്.പി.യെ ചുമതലപ്പെടുത്തി. അന്വേഷണം എറണാകുളം യൂണിറ്റ് ഡിവൈ.എസ്.പി നടത്തിയിട്ടുള്ളതാണ്. പ്രസ്തുത അന്വേഷണത്തിൽ ശ്രീ. ബിജു രമേശ് സിആർ.പി.സി. 164 സ്റ്റേറ്റ്മെന്റിൽ പറയാത്ത ചില ആരോപണങ്ങൾ ഉന്നയിച്ചു. അതിൽ 50 ലക്ഷം രൂപ താൻ നേരിട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ പി.എ.യ്ക്ക് നൽകിയതായി പറഞ്ഞു. എല്ലാ ആരോപണങ്ങളെക്കുറിച്ചും ബന്ധപ്പെട്ട എല്ലാ സാക്ഷികളെയും കണ്ട് സമഗ്രമായ അന്വേഷണം നടത്തി. അന്വേഷണത്തിൽ വെളിവായ വസ്തുതകളുടെ വെളിച്ചത്തിൽ നിയമാനുസരണം തുടർനടപടികൾ സ്വീകരിക്കാൻ പര്യാപ്തമല്ല എന്ന് ബോധ്യപ്പെട്ടു. വ്യവസ്ഥാപിതമായ രീതിയിൽ അന്വേഷണം നടത്തി ബോധ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിലാണ് ഇതിന്റെ നടപടികൾ അവസാനിപ്പിച്ചത്. ഇതേ ആരോപണം വീണ്ടും ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ 11-11-2015-ൽ വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിൽ വീണ്ടും ആവർത്തിച്ചതായി കാണുന്നു. പ്രസ്തുത കത്തിൽ ശ്രീ. ബിജു രമേശ് കോടതിയുടെ മുന്നിൽ ഒറിജിനൽ സി.ഡി. സമർപ്പിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫോറൻസിക് പരിശോധനയിൽ ഈ ശബ്ദരേഖ അടങ്ങിയ സി.ഡി.യിൽ ധാരാളം മോഡിഫിക്കേഷൻസ് നടത്തിയിട്ടുണ്ടെന്ന് കാണുകയും അതിനാൽ അതിന്റെ ആധികാരികത Anvar vs. Basheer (Civil Appeal No. 4226 of 2012) കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ വെളിച്ചത്തിൽ ചോദ്യം ചെയ്തു. അൻവർ vs. ബഷീർ  കേസിൽ, ബഷീർ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. കെ. ബഷീറാണ്. അൻവർ എന്ന വ്യക്തി ശ്രീ. പി. കെ. ബഷീർ എം.എൽ.എ.യുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട  കേസിൽ കൊടുത്ത പരാതിയിൻമേൽ ജസ്റ്റിസ് ലോധ ആന്റ് കുര്യൻ ജോസഫ് പുറപ്പെടുവിച്ച വിധിയിൽ വളരെ വ്യക്തമായി പറയുന്നു, ഞാൻ വായിക്കാം. “ Electronic records being more susceptible to tampering, alteration, transposition, excision etc. without such safeguards, the whole trial based on proof of electronic records can lead

to travesty of justice. Only if the electronic record is duly produced in terms of Section 65 (B) of Evidence Act, the question would arise as to the genuineness thereof and in that situation, resort can be made to Section 45 A- opinion of examiner of electronic evidence." Evidence Act-ന്റെ 65 (ബി) അനുസരിച്ച് മാത്രമേ ഇലക്ട്രോണിക് ഉപകരണങ്ങൾ തെളിവായി സ്വീകരിക്കുകയുള്ളൂ. 65 (ബി)-ൽ അഞ്ചു കാര്യങ്ങൾ വളരെ വ്യക്തമായി പറയുന്നുണ്ട്. എല്ലാം ഞാൻ വായിക്കുന്നില്ല. അഞ്ചു കാര്യങ്ങൾ satisfy ചെയ്താൽ മാത്രമെ പ്രൊഡ്യൂസ് ചെയ്യുന്ന സി. ഡി. തെളിവായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഇ. പി. ജയരാജൻ: ഇത് എല്ലാ കേസുകൾക്കും ബാധകമാണോ?

ശ്രീ. രമേശ് ചെന്നിത്തല: തീർച്ചയായും.

ശ്രീ. ഇ. പി. ജയരാജൻ: പൊതു ഉത്തരവാണോ?

ശ്രീ. രമേശ് ചെന്നിത്തല: അതെ.

ശ്രീ. ഇ. പി. ജയരാജൻ: ഈ സ്പെഷ്യൽ കേസിൽ മാത്രമായി കോടതിയുടെ നിരീക്ഷണമല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: അങ്ങനെയല്ല. അൻവർ vs. പി.കെ ബഷീർ എന്ന കേസിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ തെളിവായി സ്വീകരിക്കുമ്പോൾ

പാലിക്കേണ്ട മാനദണ്ഡങ്ങളെപ്പറ്റിയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്. ജസ്റ്റിസ് ലോധയും ജസ്റ്റിസ് കുര്യൻ ജോസഫും അടങ്ങുന്ന സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ചാണ് ഈ വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ഒരു ഇലക്ട്രോണിക് ഉപകരണം തെളിവായി സ്വീകരിക്കണമെങ്കിൽ Evidence Act ന്റെ 65(B) അനുസരിച്ചുള്ള pre requisite പാലിച്ചിരിക്കണം, ഇല്ലെങ്കിൽ അത് തെളിവായി സ്വീകരിക്കില്ല. ഇവിടെ ശ്രീ. ബിജു രമേശ് സമർപ്പിച്ച സി.ഡി. ആൾട്ടർ ചെയ്തിരിക്കുന്നു; മോഡിഫിക്കേഷൻ വരുത്തിയിരിക്കുന്നു എന്നു കണ്ടതിനാൽ അതിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെട്ടതായി കാണപ്പെടുന്നു. അതുകൊണ്ടാണ് അത് തെളിവായി എടുക്കാൻ ഈ അന്വേഷണ ഉദ്യോഗസ്ഥർ വിസമ്മതിച്ചിട്ടുള്ളത്. എല്ലാ പ്രിലിമിനറി എൻക്വയറിയും ഒരുപോലെ തന്നെയാണെന്ന് ഞാൻ ഇന്നലെ തന്നെ പറഞ്ഞതാണ്. ബഹുമാനപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർക്ക് രാജിവയ്ക്കേണ്ടി വന്നു എന്ന് അദ്ദേഹത്തിന്റെ കത്തിൽ സൂചിപ്പിക്കുന്നുണ്ട്. അത് അടിസ്ഥാനരഹിതമാണ്. ഉന്നതമായ ധാർമ്മിക മൂല്യങ്ങളുടെ പേരിലാണ് ശ്രീ. വിൻസൻ എം. പോളിനെപ്പോലെ ഒരു ഉദ്യോഗസ്ഥൻ അവധിയെടുത്തത്; രാജിവയ്ക്കുകയല്ല ചെയ്തിട്ടുള്ളത്. മാത്രമല്ല ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ വ്യക്തമായി തന്നെ

പറയുന്നുണ്ട്, “ The observations made by the court below against the Director of Vigilance that he has no power to give timely directions to the investigation officer was expunged.” ഈ സാഹചര്യത്തിൽ വിശദമായ പരിശോധന നടത്തി. പരസ്പര വിരുദ്ധമായ മൊഴികളാണ് ഇവരെല്ലാം പറഞ്ഞത്. ശ്രീ. കെ. ബാബുവിന് 10 കോടി രൂപ കൊടുത്തുവെന്ന് സിആർ.പി.സി. 164 മൊഴിയിൽ പറയുന്നില്ല. പിന്നീട് പറയുന്നു 10 കോടി രൂപ കൊടുത്തുവെന്ന്. ഇങ്ങനെയുള്ള എല്ലാ തെളിവുകളും പരിശോധിച്ചശേഷമാണ് ഇതിൽ എഫ്.ഐ.ആർ. എടുക്കാൻ പര്യാപ്തമല്ലെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് കേസ് വേണ്ടെന്ന് വച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ഞാൻ ഭരണഘടനാ ലംഘനം നടത്തിയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. ഞാൻ ഒരു ഭരണഘടനാ ലംഘനവും നടത്തിയിട്ടില്ല. വിജിലൻസ് വകുപ്പ് സംസ്ഥാനത്ത് നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു ഏജൻസിയാണ്. അവർ അന്വേഷിക്കുന്ന ഓരോ കേസിലും തെളിവുകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കും. തെളിവുകളുണ്ടെങ്കിൽ എഫ്.ഐ.ആർ. എടുക്കും, തെളിവുകളില്ലെങ്കിൽ എഫ്.ഐ.ആർ. എടുക്കില്ല. എല്ലാ കേസുകളിലും അവർ സ്വീകരിക്കുന്ന സമീപനം ഇതു തന്നെയാണ്. മന്ത്രി എന്നുള്ള നിലയിൽ കേസ്

എടുക്കണമെന്ന് പറയാനോ എടുക്കരുതെന്ന് പറയാനോ എന്റെ സ്ഥാനത്തിരിക്കുന്ന ഒരാൾ ഒരിക്കലും മുതിരാൻ പാടില്ല. സർക്കാരോ മന്ത്രിയോ ഒരു കാരണവശാലും വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ ഇടപെടാൻ പാടില്ല. ഞാൻ മന്ത്രിയായ ആദ്യം മുതൽ തന്നെ സ്വീകരിച്ച സമീപനം അതാണ്. തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റാന്വേഷണ രീതി ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോയി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ വിജിലൻസിന് സ്വതന്ത്രമായ അധികാരവും അവകാശവും കൊടുത്ത ഒരു ഗവൺമെന്റാണിത്. മന്ത്രി എന്നുള്ള നിലയിൽ ഒരു ഘട്ടത്തിലും ഞാൻ ഇടപെട്ടിട്ടില്ല. ഞാൻ ഭരണഘടനാ ലംഘനം നടത്തിയെന്ന് പറയുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വാദം നിരർത്ഥകമാണ്. അത് തെറ്റാണ്. ഞാൻ അങ്ങനെ നടത്തിയിട്ടില്ല. എറണാകുളത്ത് ഒരു അഴിമതിക്കാരനായ ഒരു ഡിവൈ.എസ്.പി-യെ ചുമതലപ്പെടുത്തിയെന്ന് അദ്ദേഹം പറഞ്ഞു. അത് വളരെ തെറ്റായ ഒരു പരാമർശമാണ്. ഇത് അന്വേഷിച്ച ശ്രീ. എം. എൻ. രമേശ് എന്ന ഉദ്യോഗസ്ഥനെക്കുറിച്ച് ആർക്കുവേണമെങ്കിലും അന്വേഷിക്കാം ക്രെഡിബിലിറ്റിയുള്ള ഉദ്യോഗസ്ഥനാണെന്ന് എല്ലാവർക്ക് ബോധ്യപ്പെടും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു ഉദ്യോഗസ്ഥനെപ്പറ്റി പറയുമ്പോൾ ഉദ്യോഗസ്ഥന് മറുപടി പറയാൻ കഴിയില്ല. രാഷ്ട്രീയപ്രേരിതമായി

ഇവിടെയൊന്നുമുണ്ടായിട്ടില്ല. സിആർ.പി.സി 164 മൊഴിയിൽ ശ്രീ. കെ. ബാബുവിനെതിരായി ആരോപണമുന്നയിച്ചിട്ടില്ല, പിന്നീട് ആരോപണം ഉന്നയിക്കുന്നു. ആ ആരോപണത്തെപ്പറ്റി അന്വേഷിച്ച് വിജിലൻസ് ഒരു കണ്ടെത്തലിലെത്തുകയാണ്. ഇതെല്ലാം കോടതിയുടെ സ്ക്രൂട്ടിണിക്ക് വിധേയമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഞാൻ ഈ കേസിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല. ഈ കേസ് നല്ല നിലയിൽ അന്വേഷിച്ച് വിജിലൻസ് ഡയറക്ടർ ഒരു തീരുമാനത്തിൽ എത്തിച്ചേരുകയാണുണ്ടായത്. ഈ കേസിൽ എഫ്.ഐ.ആർ. എടുക്കാനുള്ള തെളിവുകൾ കിട്ടിയിട്ടില്ല എന്നുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെയും വിജിലൻസ് ഡയറക്ടറുടെയും തീരുമാനമാണ് ഇവിടെയുണ്ടായിരിക്കുന്നത്. അതിനെതിരായി ചിലർ കോടതിയിൽ പോയിട്ടുണ്ട്. കോടതി തീരുമാനിക്കട്ടെ.

ശ്രീ. സി. ദിവാകരൻ: അങ്ങ് പറഞ്ഞിരിക്കുന്ന വളരെ പ്രധാനപ്പെട്ട രണ്ട് പോയിന്റുകൾ സഭയിലിരിക്കുന്ന ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഒന്ന്, ശ്രീ. പി. കെ. ബഷീറിന്റെ ഒരു കേസുമായി ബന്ധപ്പെട്ട് അങ്ങ് സുപ്രീം കോടതിയുടെ ഒരു ഒബ്സർവേഷൻ ക്വാട്ട് ചെയ്തു. ഈ കേസിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ ഒരു ജഡ്ജ്മെന്റ് വന്നിട്ടുണ്ടോ? അതോ അങ്ങയുടെ വാദത്തിന്

അനുകൂലമായി അത് ക്വാട്ട് ചെയ്ത് ഈ കോടതിയിൽ വാദിച്ചുകൊണ്ടിരിക്കുകയാണോ? രണ്ട്, ക്വിക് വെരിഫിക്കേഷനും സാധാരണ അന്വേഷണവും ഒന്നാണെന്ന് അങ്ങ് പറഞ്ഞു. എന്നാൽ അങ്ങ് തന്നെയല്ലേ ശ്രീ. കെ. എം. മാണിക്കെതിരായി ക്വിക് വെരിഫിക്കേഷന് ഓർഡറിട്ടത്. ആ ക്വിക് വെരിഫിക്കേഷൻ എന്തുകൊണ്ട് ഇവിടെ ആപ്ലിക്കബിളല്ല. മൂന്ന്, ഏതെങ്കിലും കോടതിയിൽ എന്തെങ്കിലും തരത്തിൽ പരാമർശമുണ്ടായാൽ ഇതൊന്നും ഞങ്ങൾ അംഗീകരിക്കുന്നില്ല എന്ന് പറഞ്ഞ് തള്ളിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: അങ്ങ് ചോദിച്ച മൂന്ന് ചോദ്യങ്ങൾക്കും മറുപടി പറയാം. ഒന്ന്, സുപ്രീം കോടതിയുടെ വിധി ഈ കേസിന് ബാധകമാണോ എന്ന് ചോദിച്ചാൽ സുപ്രീം കോടതിയുടെ ഒരു വിധി വന്നാൽ ഇന്ത്യയിലുള്ള എല്ലാ പൗരന്മാർക്കും അത് ബാധകമാണ്. ഇന്ത്യയിലുള്ള നിയമമതാണ്. സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ച് ഒരു ഉത്തരവ് പുറപ്പെടുവിച്ചാൽ എനിക്കും ശ്രീ. സി. ദിവാകരനും രാജ്യത്തുള്ള മുഴവൻ പൗരന്മാർക്കും അത് ബാധകമാണ്. രണ്ട്, ക്വിക് വെരിഫിക്കേഷനും പ്രിലിമിനറി വെരിഫിക്കേഷനും വ്യത്യസ്തമാണോ എന്ന് ചോദിച്ചു. അല്ല. രണ്ടും ഒന്നു തന്നെയാണ്. രണ്ടും പ്രാഥമിക അന്വേഷണമാണ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് പ്രാഥമികമായി നടത്തുന്ന ഒരു

അന്വേഷണത്തെ ക്വിക് വെരിഫിക്കേഷനെന്നോ പ്രിലിമിനറി എൻക്വയറിയെന്നോ വിളിക്കാം. രണ്ടും ഒന്നും തന്നെയാണ്. പേരുകൾ മാത്രമെ വ്യത്യാസമുള്ളൂ. ഏത് പേരിടണമെന്ന് തീരുമാനിക്കുന്നത് ഡയറക്ടറാണ്. പേര് ഏതായാലും കുട്ടി ഒന്ന് തന്നെയാണ്.

ശ്രീ. സി. ദിവാകരൻ: ഏതെങ്കിലും കോടതിയിൽനിന്ന് ഈ കേസിന് അവസാന വിധിയോ നിരീക്ഷണമോ ഉണ്ടായിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് ഇത് മനസ്സിലാക്കാതെ പറയുകയാണ്. കോടതിയുടെ മുമ്പിലാണ് ഇപ്പോൾ ഈ കേസ്. ഈ കണ്ടെത്തലിനെതിരായി നിരവധിയാളുകൾ പി.ഐ.എൽ. കൊടുത്തിട്ടുണ്ട്, ശ്രീ. വി. എസ്. സുനിൽ കുമാറും കൊടുത്തിട്ടുണ്ട്. അത് കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യമാണ്. അതിൽ ഇതുവരെ തീരുമാനമുണ്ടായിട്ടില്ല.

ശ്രീ. സി. ദിവാകരൻ: അങ്ങനെയാണെങ്കിൽ ഈ നിയമസഭയിൽ ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ ഈ കേസിൽ ന്യായവാദങ്ങൾ ഉന്നയിക്കാൻ എന്താണ് കാരണം?

ശ്രീ. രമേശ് ചെന്നിത്തല: അങ്ങനെയാണെങ്കിൽ നിങ്ങളും ഇത് ഉന്നയിക്കാൻ പാടില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: ഞങ്ങൾ ഉന്നയിക്കും. ഇത് തന്നെയാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയും നിർദ്ദേശിച്ചിട്ടുള്ളത്. മന്ത്രിമാർ അധികാരത്തിലിരുന്നുകൊണ്ട് അവരുടെ കീഴിലുള്ള സഹപ്രവർത്തകർ അന്വേഷണം നടത്തിയാൽ ജനങ്ങൾക്ക് സംശയം വരും. അതുകൊണ്ടാണ് ശ്രീ. കെ. എം. മാണി രാജിവച്ചത്. നിങ്ങൾ ഇപ്പോൾ ഒരു മന്ത്രിക്കുവേണ്ടി പരസ്യമായി വാദിക്കുന്നു. വാദിച്ചിട്ട് പറയുന്നു ഇത് കോടതിയിലിരിക്കുക യാണെന്ന്. എന്ത് ന്യായമാണിത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: വളരെ രസകരമായ ഒരു കാര്യമാണ്. കാരണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു കാര്യം പറഞ്ഞാൽ ഞാൻ മറുപടി നൽകണ്ടെന്നാണോ ശ്രീ. സി. ദിവാകരൻ പറയുന്നത്. അങ്ങ് ചെയ്യേണ്ടിയിരുന്നത് ഇത് കോടതിയിലിരിക്കുന്നതാണ്, സബ്ജുഡീസാണ്, അതുകൊണ്ട് ഇത് ഉന്നയിക്കരുതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയണമായിരുന്നു. ഇവിടെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചാൽ മറുപടി പറയാനുള്ള ബാധ്യത എനിക്കില്ലേ? ശ്രീ. സി. ദിവാകരൻ തന്നെ പ്രതിപക്ഷ നേതാവിനോട് ഉപദേശിച്ചിരുന്നെങ്കിൽ എനിക്ക് ഇത്രയും പറയേണ്ടി വരുമായിരുന്നില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: ബഹുമാനപ്പെട്ട് അങ്ങ് ഇന്നലെയും ഇന്നും ഒരു കാര്യം പറഞ്ഞു, ഒരു തെളിവുമില്ലായെന്ന്. പ്രിലിമിനറി എൻക്വയറിയുടെ ഭാഗമായി 11

ഡോക്യുമെന്റുകളാണ് ഹാജരാക്കിയിട്ടുള്ളത്. 21 സാക്ഷികളെയാണ് ചോദ്യം ചെയ്തിട്ടുള്ളത്. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ വെല്ലുവിളിക്കുന്നു. ഈ 11 ഡോക്യുമെന്റുകളിൽ ശ്രീ. ബിജു രമേശിന്റെ ആരോപണം പരിപൂർണ്ണമായും തെറ്റാണെന്ന് സ്ഥാപിക്കുന്ന ഏതെങ്കിലും ഒരു ഡോക്യുമെന്റ് പറയാൻ സാധിക്കുമോ? അതിൽ copy of the cash book, അതിനു മാത്രം മറുപടി തന്നാൽ മതി. ക്യാഷ് ബുക്ക് പരിശോധിച്ചപ്പോൾ 27,79,89,000 രൂപ എവിടെ നിന്ന് കിട്ടി, ആരാണ് ഈ ക്യാഷ് കൊടുത്തത്, ഇതിനെ സംബന്ധിച്ച് എന്തെങ്കിലും ഒരു അന്വേഷണം നിങ്ങളുടെ ഉദ്യോഗസ്ഥർ നടത്തിയിട്ടുണ്ടോ? 27 കോടി രൂപ ഈ ക്യാഷ് ബുക്കിൽ വന്നപ്പോൾ എവിടെ നിന്നാണ് ഈ ക്യാഷ് വന്നതെന്നോ എവിടേയ്ക്കാണ് പോയതെന്നോ നിങ്ങളുടെ അന്വേഷണ ഉദ്യോഗസ്ഥന്മാർ എവിടെയങ്കിലും അന്വേഷിച്ചോ? ഒരു അന്വേഷണവും നടത്തിയിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: കോടതി പിരിഞ്ഞുകഴിഞ്ഞിട്ട് വക്കീൽ ലോ പോയിന്റ് ഉന്നയിക്കുന്നതുപോലെയാണ് ഇവിടെ ശ്രീ. എ. കെ. ബാലൻ കാര്യങ്ങൾ പറയുന്നത്. ഇത് എന്ത് അടിസ്ഥാനത്തിലാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് സബ്മിഷൻ ഉന്നയിച്ചത്, ആ സബ്മിഷന് മറുപടി പറയണം.....

(ബഹളം).....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ കേസന്വേഷണം ഫലപ്രദമായ നിലയിലാണ് നടന്നത്. കേസന്വേഷണത്തിന്റെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതിന്റെ findings ഞാൻ പറയാം. Prima-facie there is no evidence to initiate any legal action against suspected officer, Shri. K. Babu based on either 164 statement of Shri. Biju Ramesh or his subsequent statement given during the enquiry. വളരെ വ്യക്തമായി മുഴുവൻ സാക്ഷികളെയും അവരുടെ മൊഴികളും പരിശോധിച്ച് ചോദ്യം ചെയ്ത് അവരിൽ നിന്ന് തെളിവുകൾ ശേഖരിച്ചതിനുശേഷം ഇതിന്റെ എൻക്വയറി ഓഫീസർ എടുത്തിട്ടുള്ള തീരുമാനമാണിത്. എല്ലാം പരിശോധിച്ചാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇതിനകത്ത് ഒരു തെളിവുമില്ലാത്ത സാഹചര്യത്തിൽ ഈ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കണ്ടായെന്ന് തീരുമാനിച്ചു. തെളിവില്ലാത്ത കാര്യത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ വിജിലൻസിന് കഴിയില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഇത്തരം പുകമറയുണ്ടാക്കി ഗവൺമെന്റിനെ വിഷമവൃത്ത ത്തിലാക്കാൻ നിങ്ങൾക്ക് കഴിയില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾക്ക് ആ വാദമുഖങ്ങൾ ഉന്നയിക്കാൻ

സാധ്യമല്ല. ശരിയായ അന്വേഷണം നടത്തിയാണ് എല്ലാം തെളിയിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ച കാര്യത്തിന് യാതൊരു അടിസ്ഥാനവുമില്ലായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ നിന്നും എഴുന്നേറ്റ് ഡയസ്സിനരികിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ, സീറ്റിൽ പോയി നിന്ന് ചോദിക്കണം. ഇവിടെ നിന്ന് ചോദിച്ചാൽ മറുപടി പറയാൻ പറ്റില്ല. സീറ്റിൽ പോയി നിന്ന് ചോദിച്ചാൽ മറുപടി പറയാൻ അനുവദിക്കാം.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതനുസരിച്ച് ഞങ്ങളുടെ എം.എൽ.എ.മാരെല്ലാം അവരവരുടെ സീറ്റിൽ പോയിരുന്നു. ഇവിടത്തെ പ്രശ്നം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു സബ്മിഷൻ ഉന്നയിച്ചു. ആഭ്യന്തര വകുപ്പുമന്ത്രി അതിനെപ്പറ്റി ദീർഘമായ മറുപടി പറഞ്ഞെങ്കിലും ബോധ്യപ്പെടാത്തതുകൊണ്ട് ബഹുമാനപ്പെട്ട എ.കെ. ബാലൻ അതുസംബന്ധിച്ച് ഒരു സംശയം ചോദിച്ചു.

മി. സ്പീക്കർ: അങ്ങനെ ചോദിക്കാൻ പറ്റില്ല.

ശ്രീ. സി. ദിവാകരൻ: സർ, അതിന് മറുപടി പറഞ്ഞാൽ മതി. മറുപടി

പറയാമെന്ന് സ്പീക്കർ പറഞ്ഞതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഒരു സബ്മിഷൻ അനുവദിച്ചു. 19 മിനിട്ട് എടുത്താണ് ഇവിടെ അവതരിപ്പിച്ചത്. ഇനി ആവശ്യമുണ്ടെങ്കിൽ പ്രതിപക്ഷനേതാവിന് ഒരു ചോദ്യം ചോദിക്കാൻ അനുവദിക്കാം. പ്രതിപക്ഷനേതാവിന് അതുസംബന്ധിച്ച് ചോദിക്കുന്നെങ്കിൽ ചോദിക്കട്ടേ. അത് അനുവദിക്കാം. അതല്ലാതെ വീണ്ടും ചോദ്യോത്തര വേളയാക്കി മാറ്റാൻ സാധ്യമല്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ, ശ്രീ. എ.കെ. ബാലൻ ചോദിച്ച ചോദ്യമാണ് എനിക്കും ചോദിക്കാനുള്ളത്. ഇക്കാര്യം അങ്ങയെ അറിയിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എനിക്ക് പറയാനുള്ള എല്ലാ കാര്യങ്ങളും ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതിൽ കൂടുതൽ എനിക്കൊന്നും പറയാൻ കഴിയില്ല. കാരണം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സിൽ ഓരോ സ്റ്റേറ്റ്മെന്റും തിരിച്ചും മറിച്ചും ചോദിച്ചാൽ പറയുന്നത് ശരിയല്ല. അതുകൊണ്ട് പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ചോദ്യം

ചോദിക്കാൻ അനുവദിക്കുകയും അദ്ദേഹം ചോദ്യം ചോദിക്കുകയും അതിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി പറയുകയും ചെയ്തിട്ടുണ്ട്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## (2) **കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം**

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വിതുര പഞ്ചായത്തിലെ മുളയ്ക്കോട്ടുകരയിൽ കഴിഞ്ഞ മുപ്പത്തിയഞ്ച് വർഷത്തിലധികമായി 85-ഓളം കുടുംബങ്ങൾ താമസിച്ചുവരികയാണ്. ഇവിടത്തെ ഭൂരിഭാഗം ജനങ്ങളും സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരാണ്. ഐ.എ.വൈ., ഇ.എം.എസ്. ഭവന പദ്ധതി, ആശ്രയ പദ്ധതി തുടങ്ങി സർക്കാരിന്റെ എല്ലാ വിധത്തിലുമുള്ള സ്കീമുകളും നേടിക്കൊണ്ട് ജീവിക്കുന്നവരാണ് ഇവർ. ഇവിടെ താമസിക്കുന്നവരും അവരുടെ പൂർവ്വികരും ഈ വസ്തു വിലയാധാരമാക്കി വാങ്ങി സബ് രജിസ്റ്റേർഡ് ഓഫീസിൽ പ്രമാണം പതിപ്പിച്ചും വില്ലേജ് ഓഫീസിൽ പോക്കുവരവും കഴിഞ്ഞ് കരം തീർത്ത് വരികയാണ്. ഇതിൽ പകുതിയിൽ

കൂടുതൽ ആളുകൾക്ക് ഈ വസ്തുവിന്റെ പ്രമാണത്തിന്മേൽ നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും മറ്റ് ബാങ്കുകളിൽ നിന്നും ലോണെടുത്ത് വരുന്നവരുമാണ്. ഇപ്പോൾ ഇവിടെ ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ പ്രദേശത്തുള്ള ജനങ്ങൾക്ക് ഭൂമി നഷ്ടപ്പെടുമെന്ന അവസ്ഥയിലിരിക്കുകയാണ്. ഈ കുടുംബങ്ങൾക്ക് മുളയ്ക്കോട്ടുകരയിൽ നിന്ന് ഇറങ്ങി വന്നാൽ പോകുവാൻ വേറെ സ്ഥലമില്ല. വിതുരയിലെയും മുളയ്ക്കോട്ടുകരയിലെയും എല്ലാ രാഷ്ട്രീയപാർട്ടികളും സർവ്വകക്ഷിയോഗം കൂടുകയും അവിടത്തെ ജനപ്രതിനിധികളെല്ലാം ഇവിടത്തേയ്ക്ക് ഒരു പരിഹാരം തേടിക്കൊണ്ട് വരികയുമാണ്. അതിനോടൊപ്പം മുളയ്ക്കോട്ടുകരയിലെ വിഷയം പത്ര-ദൃശ്യ മാധ്യമങ്ങളും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് ഭൂമി നഷ്ടപ്പെട്ടവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നും അതിനുവേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ ഉന്നയിച്ചത് 13 കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്.

ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്തതിനെ തുടർന്ന് നെടുമങ്ങാട് സബ് കോടതിയിൽ നിന്ന് ഉത്തരവ് വന്നിട്ടുണ്ട്. ആ ഉത്തരവ് അവിടെ താമസിക്കുന്ന 13 പേർക്കും എതിരായിട്ടാണ് വന്നിരിക്കുന്നത്. കോടതിയുടെ ഉത്തരവ് നടപ്പിലാക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. അതിൽ അഞ്ചുപേർക്ക് ഹൈക്കോടതി സ്റ്റേ കൊടുത്തിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യത്തിൽ സ്റ്റേയില്ല. അവിടെ താമസിക്കുന്നവർ സഹതാപം അർഹിക്കുന്നവരാണ്. അവർക്ക് വീടൊന്നുമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് ഗവൺമെന്റ് ഒന്നുകൂടി പരിശോധിക്കും. കോടതി വിധി നടപ്പിലാക്കാനുള്ള അവസ്ഥയാണ് ഗവൺമെന്റിന് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇക്കാര്യത്തിൽ ഏത് വിധത്തിൽ ഇവരെ സഹായിക്കാൻ പറ്റുമെന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## (3) <u>പട്ടികജാതി യുവാവിന് നേർക്കുണ്ടായ പോലീസ് മർദ്ദനം</u>

<u>ശ്രീ. എം. ഹംസ</u>: സർ, എന്റെ മണ്ഡലത്തിലെ മനോജ് എന്നുപറയുന്ന

ദളിത് ചെറുപ്പക്കാരനെ 7-ാം തീയതി ഉച്ചയോടുകൂടി പോലീസ് അറസ്റ്റ് ചെയ്യുകയും അതിഭീകരമായി മർദ്ദിച്ച് അവശനാക്കുകയും ചെയ്തു. കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ നടക്കുന്ന ലോക്കപ്പ് മർദ്ദനങ്ങളുടെ ഏറ്റവും മൃഗീയമായ ഒരവസ്ഥയായിരുന്നു അന്ന് ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ ഉണ്ടായത്. ഉച്ചയോടുകൂടി മനോജിനെ അറസ്റ്റ് ചെയ്യുകയും ആശുപത്രിയിൽ ഹാജരാക്കുകയും ചെയ്തു. ആശുപത്രിയിൽ ഹാജരാക്കിയ തിന്റെ മെഡിക്കൽ റിപ്പോർട്ടാണ് ഇത്. ആ മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നത് അദ്ദേഹം നോർമൽ ആണെന്നാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൽ അദ്ദേഹത്തിന് പരിക്കുകളില്ല നോർമൽ ആണെന്നു പറഞ്ഞുകൊണ്ടുള്ള രേഖയുണ്ട്.

എന്റെ മണ്ഡലത്തിൽ ഞാൻ ഉണ്ടായിരുന്നതുകൊണ്ട് പോലീസ് സ്റ്റേഷനിൽനിന്ന് കിട്ടിയ വിവരമനുസരിച്ച് മനോജിനെ ലോക്കപ്പ് മർദ്ദനം നടത്തി കൊലപ്പെടുത്തും എന്നുള്ള വിവരം കിട്ടിയപ്പോൾ ഞാൻ അവിടെപ്പോയി. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച ഭയങ്കരമായിരുന്നു. മനോജ് എന്നുപറയുന്ന ദളിത് ചെറുപ്പക്കാരനെ അടിച്ച് പരിക്കേല്പിച്ചതിന്റെ ചിത്രങ്ങളാണിത്. (ചിത്രങ്ങൾ ഉയർത്തിക്കാണിച്ചു). ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്ക് ഈ ചിത്രങ്ങൾ സമർപ്പിച്ചിട്ടുണ്ട്. 6.00 മണിയോടു

കൂടി മനോജിന് ജാമ്യം കൊടുക്കുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ആശുപത്രിയിൽ പ്രവേശിപ്പിച്ച സമയത്തുള്ള മെഡിക്കൽ റിപ്പോർട്ടാണിത്. അതിഭീകരമായ മർദ്ദനങ്ങൾ ഏറ്റതിന്റെ മെഡിക്കൽ റിപ്പോർട്ട് സഭയുടെ മുമ്പാകെ ഞാൻ വയ്ക്കുന്നു. മേൽപ്പറയുന്ന ദളിത് യുവാവിനെ ഇങ്ങനെ ഭീകരമായി ആക്രമിച്ചതിന് ഒരു കാരണവുമില്ല. കുറ്റവാളിയല്ലാത്ത ഒരാളെ കൊണ്ടുപോയി അകാരണമായി മർദ്ദിക്കുകയാണ് ചെയ്തിരിക്കുന്നത്. മാത്രമല്ല 7-ാം തീയതി വൈകുന്നേരത്തോടെ മനോജിന് ജാമ്യം കൊടുത്തതായി രേഖയിലുണ്ട്. മനോജിന് കൊടുത്തിട്ടുള്ള ജാമ്യത്തിന്റെ ബോണ്ടാണിത്. രണ്ടുപേരുടെ ജാമ്യത്തിൽ, 10,000/- രൂപയുടെ ബോണ്ടിൽ മനോജിന് ജാമ്യം നല്കി. 8-ാം തീയതി രാവിലെയാണ് മനോജിനെതിരായി കേസ് ചാർജ്ജ് ചെയ്യുന്നത്. ഒരു ചെറുപ്പക്കാരനെ അറസ്റ്റ് ചെയ്ത് മർദ്ദിച്ചതിനുശേഷം ജാമ്യം കൊടുക്കുകയും അതിനുശേഷം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ചെയ്ത അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു സംഭവം അവിടെ നടന്നിരിക്കുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട കേസ്സായതുകൊണ്ടാണ് ഞാൻ ഉന്നയിക്കുന്നത്. മാത്രമല്ല ഞാൻ അവിടെ ചെന്നില്ലായിരുന്നുവെങ്കിൽ മനോജ് കൊല്ലപ്പെടുമായിരുന്നു. അവിടെ ചെന്ന് ഈ ലോക്കപ്പ് മർദ്ദനം നടത്തിയത്

ആരാണ്; മനുഷ്യാവകാശ ലംഘനം നടത്തിയതാരാണ് എന്ന് ചോദിച്ചതിന്റെ പേരിൽ എനിക്കെതിരെ കേസ്സെടുത്തിരിക്കുകയാണ്. ഈ രീതിയിലാണ് ഇപ്പോഴത്തെ പോലീസ് പോകുന്നത്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കുറ്റവാളിയല്ലാത്ത ഒരാൾക്ക് ജാമ്യം കൊടുത്തു; 8-ാം തീയതി എഫ്.ഐ.ആർ. ഇട്ടു; അതിനുശേഷം അദ്ദേഹത്തെ പ്രതിയാക്കി. ലോക്കപ്പ് മർദ്ദനം നടത്തിയതിന്റെ രേഖകളും ഇവിടെയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം. ഒരു നിയമസഭാ സാമാജികന് ലോക്കപ്പ് മർദ്ദനം നടക്കുമ്പോൾ അവിടെ പോകാനും അത് തടയാനുമുള്ള അവകാശമില്ലേ; ആ അവകാശത്തെപ്പോലും തടയുന്ന രീതിയിലാണ് ഇന്ന് പോലീസ് സംവിധാനം നിലനില്ക്കുന്നത്. ഇതിനെതിരായിട്ടുള്ള പ്രതികരണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഞാനിത് അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇനിയൊരു നിയമസഭാ സാമാജികനും ഇതുപോലുള്ള ഒരനുഭവമുണ്ടാകാൻ പാടില്ല. മനോജ് എന്നുപറയുന്ന ചെറുപ്പക്കാരനുണ്ടായതു പോലുള്ള അനുഭവം ഇനിയൊരു മനോജുമാർക്കും ഉണ്ടാകാൻ പാടില്ല. അതിനനുസരിച്ചുള്ള കർശനമായ നിലപാട് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 07.11.2015-ന് ഉച്ചയ്ക്കുശേഷം 1.30-ഓടുകൂടി ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പരിധിയിൽ മുളഞ്ഞൂർ എന്ന സ്ഥലത്ത് ലക്കിടി മംഗലം സ്ഥലവാസിയായ നാരായണൻ മകൻ 37 വയസ്സുള്ള മനോജ് മദ്യപിച്ച് പൊതുസ്ഥലത്ത് ബഹളമുണ്ടാക്കുന്നതായി മുളഞ്ഞൂർ സ്കൂളിന് സമീപം പിക്കറ്റ് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ.- 6085 സന്തോഷ്കുമാർ സ്റ്റേഷനിൽ അറിയിച്ചു. തത്സമയം ക്രമസമാധാന പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന സബ്ഇൻസ്പെക്ടറും രണ്ട് സി.പി.ഒ.മാരും സ്ഥലത്തെത്തി മനോജിനെ അറസ്റ്റ് ചെയ്ത് ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ഹാജരാക്കി വൈദ്യപരിശോധന നടത്തി. തിരികെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ എത്തി മനോജിനെ പ്രതിയാക്കി കെ.പി. ആക്ട് 118 (എ) വകുപ്പുപ്രകാരം ക്രൈം 1167/15 ആയി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് മനോജിനെ ജാമ്യത്തിൽ വിട്ടയയ്ക്കാൻ നടപടി സ്വീകരിച്ചുവരവേ 6.00 മണിയോടെ ഒറ്റപ്പാലം എം.എൽ.എ. ശ്രീ. എം. ഹംസയും മറ്റ് 15-ഓളം പേരുമായി സ്റ്റേഷനിലെത്തി പിക്കറ്റ് പോസ്റ്റ് ഡ്യൂട്ടി മാറി അവിടെയെത്തിയ സി.പി.ഒ. സന്തോഷ്കുമാറിനെ യൂണിഫോമിൽ

പിടിച്ചുനിർത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം ചെയ്യുകയും ഭീഷണി പ്പെടുത്തുകയും ചെയ്തു. സി.പി.ഒ. സന്തോഷ്കുമാറിന്റെ പരാതിപ്രകാരം എം.എൽ.എ.യേയും മറ്റ് 15-ഓളം പേരെയും പ്രതികളാക്കി ഐ.പി.സി.-143, 147, 149, 341, 481, 383, 506 (1) വകുപ്പുപ്രകാരം ക്രൈം 1169/15 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ് ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചുവരുന്നു. സ്റ്റേഷനിൽ നിന്ന് ജാമ്യത്തിൽ ഇറങ്ങിയ മനോജ് പോലീസ് ചൂരൽകൊണ്ട് മർദ്ദിച്ചുവെന്നാരോപിച്ച് ഒറ്റപ്പാലം ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റാകുകയും അതേ ആരോപണങ്ങൾ ഉന്നയിച്ച് ആഭ്യന്തരമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും എം.എൽ.എ. മുഖാന്തിരം പരാതി നല്കുകയും ചെയ്തു. ഈ പരാതികൾ സംബന്ധിച്ച് പാലക്കാട് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി.യും ഷൊർണ്ണൂർ ബ്രാഞ്ച് ഡിവൈ.എസ്.പി.യും അന്വേഷണം നടത്തി വരുന്നു. മനോജിനെ പോലീസ് മർദ്ദിച്ചുവെന്ന വിവരം അറിഞ്ഞ് സംഭവം അന്വേഷിക്കാൻ ഒറ്റപ്പാലം സ്റ്റേഷനിൽ എത്തിയ തന്നോട് സി.പി.ഒ. സന്തോഷ്കുമാറും എസ്.ഐ. രാജേന്ദ്രനും ധിക്കാരപരമായി പെരുമാറുകയും ഇരുവരും ഗൂഢാലോചന നടത്തി തനിക്കെതിരെ കള്ളക്കേസ് എടുക്കുകയും ചെയ്തുവെന്നാരോപിച്ച് എം.എൽ.എ.

എന്നോട് ഫോണിൽ സംസാരിക്കു കയും പാലക്കാട് ജില്ലാ പോലീസ് മേധാവിക്ക് പരാതി കൊടുക്കാൻ ഞാൻ ആവശ്യപ്പെടുകയും അദ്ദേഹം പരാതി കൊടുക്കുകയും ചെയ്തു. അത് സംബന്ധിച്ചുള്ള അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടില്ല. സർക്കാർ അത് വെയിറ്റ് ചെയ്യുകയാണ്. യൂണിഫോമിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സന്തോഷ്കുമാറിനെ പ്രതി മനോജ് പൊതുജനമധ്യത്തിൽ വച്ച് പോലീസിന്റെ മനോവീര്യം കെടത്തക്കവിധം വളരെ മോശമായ രീതിയിൽ അസഭ്യം പറഞ്ഞതിനുള്ള വിരോധത്തിൽ ഡ്യൂട്ടി മാറി പോലീസ് സ്റ്റേഷനിൽ എത്തിയ സന്തോഷ്കുമാർ മനോജിനെ പോലീസ് സ്റ്റേഷനിലിട്ട് മർദ്ദിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സി.പി.ഒ. സന്തോഷ് കുമാറിനെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽനിന്ന് സ്ഥലം മാറ്റിയിട്ടുള്ളതുമാണ്. വകുപ്പുതല നടപടികൾ സ്വീകരിച്ചുവരികയാണ്. എസ്.ഐ. രാജേന്ദ്രൻ മനോജിനെ മർദ്ദിച്ചതായി വെളിവായിട്ടില്ലെങ്കിലും ആരോപണം നിലനില്ക്കുന്ന സാഹചര്യത്തിൽ ഇദ്ദേഹത്തെയും ജോലി നോക്കിവരുന്ന ഒറ്റപ്പാലം സി.ഐ. ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. എം.എൽ.എ.-യുടെ പേരിൽ അനാവശ്യമായ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് അദ്ദേഹത്തിന്റെ പരാതി. തീർച്ചയായും ഇതിനെപ്പറ്റി

അന്വേഷിക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ശരിയായ നടപടിയാണെന്ന് എനിക്കും ബോധ്യമില്ലാത്ത കാര്യമാണ്. ഏതായാലും അതിനെപ്പറ്റി വളരെ ഗൗരവമായി അന്വേഷിക്കുന്നുണ്ട്. ശ്രീ. എം. ഹംസ അങ്ങനെ പെരുമാറുന്ന ഒരാളല്ല എന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്; സഭയിലാണെങ്കിലും സൗമ്യ പ്രകൃതക്കാരനായ ഒരാളാണ്. അതുകൊണ്ട് ഹംസ നല്കിയ പരാതിയുടെ ഗൗരവം കണക്കിലെടുത്ത് അതന്വേഷിച്ച് റിപ്പോർട്ട് കിട്ടിയശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഹംസ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി ചോദിക്കുകയാണ്. ലോക്കപ്പ് മർദ്ദനത്തിന് തെളിവ് കിട്ടിയിട്ടുണ്ട്. ഇനി സസ്പെൻഡ് ചെയ്തല്ലേ അന്വേഷണം നടത്തേണ്ടത്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പരാതി കിട്ടിയപ്പോൾത്തന്നെ ആളിനെ ട്രാൻസ്ഫർ ചെയ്തു. എസ്.പി. അന്വേഷിക്കുകയാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അത് പരിശോധിച്ച ശേഷം എന്താണെന്ന് തീരുമാനിക്കാം.

## (4) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അക്രമങ്ങൾ

ശ്രീ. ബെന്നി ബെഹനാൻ: സർ, സമൂഹത്തിൽ കുട്ടികൾക്കെതിരെ

നടക്കുന്ന അക്രമങ്ങളുടെ ഭീകരതയും ക്രൂരതയുമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. കുട്ടികൾക്കെതിരെ നടക്കുന്ന അക്രമങ്ങളെക്കുറിച്ച് വാർത്താമാധ്യമങ്ങളിൽ എല്ലാദിവസവും വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ലൈംഗിക അതിക്രമങ്ങളും മാനഭംഗ ക്കേസുകളുമാണ് കൂടുതലും നടക്കുന്നതെന്നാണ് പല കണക്കുകളും സൂചിപ്പിക്കുന്നത്. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നു; ശൈശവ വിവാഹ ത്തെക്കുറിച്ച് പ്രേരിപ്പിക്കുന്നു; കുട്ടിക്കച്ചവടം നടക്കുന്നു; പല കുട്ടികളും ദാരുണമായ സാഹചര്യത്തിൽ മരണപ്പെടുന്നു. ഇന്ന് സമൂഹത്തിൽ ഇത്തരം ലൈംഗികാതിക്രമങ്ങളുടെ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം പലപ്പോഴും ഇന്റർനെറ്റ്, സോഷ്യൽ മീഡിയ പോലെയുള്ള ചില മാധ്യമങ്ങളിലൂടെ കുട്ടികൾക്കുണ്ടാകുന്ന പല അനുഭവങ്ങളാണെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇന്റർനെറ്റ് പോലെയുള്ള കാര്യങ്ങൾ കാണുന്നതിന് യാതൊരു നിബന്ധനകളുമില്ലാത്തതുമൂലം പലപ്പോഴും കുട്ടികൾ ഇത് മിസ്‌യൂസ് ചെയ്യുന്നതുകൊണ്ടാണ് ഈ അക്രമങ്ങളുണ്ടാകുന്നത്. മദ്യപാനത്തേക്കാളും മയക്കുമരുന്നിനേക്കാളും ഭീകരമായ അന്തരീക്ഷമാണ് നെറ്റിലൂടെയും വാട്ട്സ് ആപ്പിലൂടെയും ഇന്ന് സമൂഹത്തിൽ വരുന്ന ഇതിന്റെ

ബുദ്ധിമുട്ടുകൾ. ഇക്കാര്യത്തിൽ നിയമനിർമ്മാണം എങ്ങനെ കൊണ്ടുവരണം എന്നെനിക്കറിയില്ല; സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിലല്ല. പക്ഷേ, ശക്തമായ ബോധവത്ക്കരണം ഇക്കാര്യത്തിൽ നടത്താൻ കഴിയും. നെറ്റിലൂടെയോ വാട്ട്സ് ആപ്പിലൂടെയോ വരുന്ന വാർത്തകൾക്കെതിരെ പ്രതികരിക്കാൻപോലും പറ്റാത്ത തരത്തിലുള്ള നിയമനിർമ്മാണങ്ങളാണ് അല്ലെങ്കിൽ പരാമർശങ്ങളാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിവരെ നടത്തിയിരിക്കുന്നത്. ഇതെല്ലാം ചൂഷണം ചെയ്യുന്ന സാഹചര്യമുണ്ട്. സാമൂഹ്യവിരുദ്ധർക്കും അതുപോലെതന്നെ ഇത്തരം നെറ്റ് ഉപയോഗിച്ച് തെറ്റുകളിലേയ്ക്ക് കടക്കാൻ ചെറുപ്പക്കാരുടെയും കുട്ടികളുടെയും ഇടയിൽ ആസക്തി വർദ്ധിപ്പിക്കുന്ന സമീപനം ഇന്ന് സമൂഹത്തിൽ ഉണ്ട്. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ബോധവത്കരണവും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കിയും ഈ ദുരവസ്ഥയിൽ നിന്ന് കുട്ടികളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണെ മെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്ക് നേരിയ തോതിൽ

വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-ൽ 1002 കേസുകളും 2014-ൽ 1380 കേസുകളും 2015 സെപ്റ്റംബർ 30 വരെ 1139 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ കുറ്റകൃത്യങ്ങൾ ക്കെതിരായുള്ള അവബോധമുണ്ടാക്കുന്നതിനാലും സാക്ഷരതയിൽ കേരളം മുൻപന്തിയിൽ ആയതിനാലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പോലീസ് സ്റ്റേഷനുകളുടെ ദൂരപരിധി കുറവായതിനാലും സംസ്ഥാനത്തെ ഏതൊരു പോലീസ് ഉദ്യോഗസ്ഥനുമുമ്പിലും ഭയരഹിതരായി പരാതി നൽകാൻ പൊതുജനങ്ങൾക്ക് സാധിക്കുന്നതുമൂലമാണ് എല്ലാ കേസ്സുകളും രജിസ്റ്റർ ചെയ്യപ്പെടുന്നത്. കുട്ടികൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾക്ക് ഐ.പി.സി. യിലെയും 2013-ൽ നിലവിൽ വന്ന POCSO (Protection Of Children from Sexual Offences) ആക്ടിലെയും വകുപ്പുകൾ പ്രകാരമാണ് പ്രസ്തുത കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നത്. കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റമറ്റരീതിയിൽ അന്വേഷണം നടത്തി ആവശ്യമായ തെളിവുകൾ ശേഖരിച്ച് നിയമപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുന്ന തരത്തിലാണ് കുറ്റപത്രങ്ങൾ തയ്യാറാക്കുന്നത്. ഇത്തരത്തിലുള്ള അതിക്രമങ്ങൾ തടയുന്നതിനായി പൊതുജനങ്ങളുടെ

സഹകരണംകൂടി ആവശ്യമായതിനാൽ ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയിലൂടെ ബോധവത്ക്കരണം നടത്തിവരികയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഇന്റർനെറ്റിലൂടെയുണ്ടാകുന്ന അതിക്രമങ്ങളെ ക്കുറിച്ചാണ്. ഇപ്പോഴുള്ള പ്രശ്നം, സുപ്രീം കോടതിയുടെ പുതിയ വിധി പ്രകാരം ഐ.ടി. ആക്ടിലെ 66 (എ) ഉൾപ്പെടെയുള്ള വകുപ്പുകൾ മാറ്റിക്കഴിഞ്ഞു വെന്നുള്ളതാണ്. കൂടാതെ കേരള പോലീസ് ആക്ടിലെ പ്രധാനപ്പെട്ട ചില വകുപ്പുകൾ മാറ്റിയതിന്റെ പേരിലും പല സാങ്കേതികമായ പ്രശ്നങ്ങളുമുണ്ട്. ഇപ്പോൾ നമുക്ക് ഇന്റർനെറ്റിലൂടെയും മറ്റുമുണ്ടാകുന്ന ഇത്തരം അതിക്രമങ്ങൾ തടയുന്നതിൽ ചില പരിമിതികളുണ്ട്. എങ്കിലും കേരള പോലീസ് ആക്ട് അനുസരിച്ചും ഐ.പി.സി. അനുസരിച്ചുമുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. മാത്രമല്ല ഇക്കാര്യത്തിൽ ബോധവത്ക്കരണവും നടക്കുന്നുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ എല്ലാ ദൃശ്യ-പത്രമാധ്യമങ്ങളും ഇത് സംബന്ധിച്ച് വളരെയേറെ വാർത്തകൾ പുറത്തുകൊണ്ടുവരുന്നുണ്ട്. ഇന്നത്തെ മംഗളം ദിനപ്പത്രത്തിന്റെ എഡിറ്റോറിയൽ പേജ് പ്രത്യേകം ശ്രദ്ധേയമാണ്. അതിൽ വളരെ ശക്തമായി ഒന്നുരണ്ട് നിർദ്ദേശങ്ങൾ അവർ മുന്നോട്ടുവയ്ക്കുന്നുണ്ട്.

സ്കൂളുകളിൽ കൗൺസിലിംഗ് ശക്തമാക്കാനുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കും. പല പീഡനങ്ങളും പുറത്തുവരുന്നത് കൗൺസിലിംഗിലൂടെയാണ്. അതുകൊണ്ട് കൂടുതൽ സ്കൂളുകളിലേയ്ക്ക് കൗൺസിലിംഗിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ കുട്ടികളെ നാലുപാടും കഴുകൻ കണ്ണുകളുമായി തക്കംപാർത്തിരിക്കുന്ന മാംസദാഹികളെ തടയാൻ സാമൂഹ്യമന:സാക്ഷി കൂടുതൽ ജാഗ്രത കാണിക്കേണ്ടിയിരിക്കുന്നു. ഇത് വളരെ ഗൗരവത്തോടെ സമൂഹമെടുക്കണം. ഇതിനാവശ്യമായ ബോധവത്ക്കരണ പ്രക്രിയയ്ക്ക് ഊന്നൽ നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## (5) ഐ.പി.സി. 153 (എ) പ്രകാരമുള്ള കേസ്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് മത-സാമുദായിക സൗഹാർദ്ദം തകർക്കത്തക്ക രീതിയിലും വിദ്വേഷം പരത്തുന്ന രീതിയിലും ശ്രീ. വെള്ളാപ്പള്ളി നടേശന്റെ നേതൃത്വത്തിൽ വ്യാപകമായി പ്രചരണം നടന്നുവരികയാണ്. ഒരു കാലഘട്ടത്തിൽ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കേരളത്തിൽ, സാമൂഹ്യപരിഷ്കർത്താക്കളുടെ നിരന്തരമായ സമർപ്പണത്തിന്റെ ഭാഗമായി സാമൂഹ്യ-മത സാഹോദര്യ മുണ്ടായ

ഈ സംസ്ഥാനത്ത് അത് പൂർണ്ണമായും തകർക്കുന്ന രീതിയിലാണ് ഇപ്പോൾ പ്രചരണം നടന്നുവരുന്നത്.

കോഴിക്കോട് ഉണ്ടായ ദാരുണമായ ഒരു ദുരന്തത്തിൽപ്പെട്ട അന്യസംസ്ഥാന തൊഴിലാളികളെ രക്ഷിക്കാൻവേണ്ടി നൗഷാദ് എന്ന ഓട്ടോറിക്ഷാ ഡ്രൈവർ സ്വന്തം ജീവൻ സമർപ്പിച്ചുകൊണ്ട് നടത്തിയ അതിസാഹസികമായ ജീവകാരുണ്യ പ്രവർത്തനത്തെ, കേരളീയ സമൂഹം മാത്രമല്ല സോഷ്യൽ മീഡിയയിലൂടെ ലോകംമുഴവൻ അതീവ ആദരവോടുകൂടി കാണുകയാണ്. നൗഷാദിന്റെ വീട് സന്ദർശിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കുടുംബത്തിന്റെ ദീനാനുകമ്പ കണ്ടപ്പോൾ അവരെ സഹായിക്കാൻ ഗവൺമെന്റ് സന്നദ്ധമാണെന്ന് താല്പര്യം പ്രകടിപ്പിച്ചതിന് വളരെയേറെ മതവിദ്വേഷവും സാമുദായിക സ്പർദ്ധയുമുണ്ടാക്കുന്ന രീതിയിലാണ് ശ്രീ. വെള്ളാപ്പള്ളി നടേശൻ ആലുവ മണപ്പുറത്ത് പ്രസംഗം നടത്തിയത്. അപകടം വന്ന് മരിക്കുകയാണെങ്കിൽ മുസ്ലീമായി മരിക്കണം. ക്രിസ്ത്യാനിയോ മുസ്ലീമോ മരിച്ചാൽ മന്ത്രിമാരുടെ പടതന്നെവരും. നമ്മൾ ആരെങ്കിലും മരിച്ചാൽ മന്ത്രിപോയിട്ട് ഒരു ....... (അദ്ദേഹം പറഞ്ഞ ആ വാക്ക് സഭയിൽ പറയാൻ എന്റെ സംസ്കാരം അനുവദിക്കുന്നില്ല) പോലും വരില്ല. അത്ര അപകടകരമായ

രീതിയിലുള്ള വാക്കുകളാണ് അദ്ദേഹം ഉപയോഗിച്ചത്. ഇടുക്കിയിലെ പശ്ചിമഘട്ട മലനിരകൾ ക്രൈസ്തവസഭാ നേതൃത്വം കുരിശുമലകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു എന്നുള്ള അപകടകരമായ മറ്റൊരു പ്രശ്നംകൂടി ഇന്നലെ നടത്തിയിരിക്കുകയാണ്. കേരളത്തിലെ ക്രൈസ്തവ മതക്കാരും ഇസ്ലാംമതക്കാരും മതസാഹോദര്യത്തിനും സാമുദായിക സാഹോദര്യത്തിനുംവേണ്ടി ഇവിടെയുള്ള മറ്റ് മതക്കാരുടെകൂടെ ഒരുമിച്ച് പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ഏറ്റവും വലിയ സനാതന മതമായ, സാഹോദര്യ മതമായ ഹിന്ദുമതം മതസാഹോദര്യ ത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രവുമാണ്. എന്നാൽ ഈ സംസ്ഥാനത്ത് ഹിന്ദു-ഇസ്ലാം-ക്രൈസ്തവ എന്നീ വ്യത്യസ്ത മതവിശ്വാസങ്ങളിൽ ഒരേ മനസ്സോടുകൂടി ജീവിച്ചുപോരുന്നവരിൽ വിഭാഗീയതയും വർഗ്ഗീയതയും അതിരൂക്ഷമായ രീതിയിൽ ഉണ്ടാക്കി വേർതിരിവുകൾ സൃഷ്ടിച്ച് സംഘർഷമുണ്ടാക്കുന്ന അപകടകരമായ ചില പ്രസംഗങ്ങളും പ്രസ്താവന കളുമാണ് ഇപ്പോൾ നിരന്തരമായി വന്നുകൊണ്ടിരിക്കുന്നത്. കോഴിക്കോട്ടുള്ള നൗഷാദിന്റെ ഈ മഹാസമർപ്പണത്തെ തിരസ്കരിക്കുകയും അപമാനി ക്കുകയും സമുദായത്തെ അവഹേളിക്കുകയും ചെയ്യുന്നതിന്റെ കൂട്ടത്തിലാണ് പശ്ചിമഘട്ട മലനിരകൾ

ക്രൈസ്തവസഭ കുരിശുമലകളാക്കുന്നു എന്നുപറഞ്ഞു കൊണ്ട് ഇന്നലെ നടത്തിയിരിക്കുന്ന മറ്റൊരു പ്രസംഗം. ഇത് നമ്മുടെ സംസ്ഥാനം നേടിയ എല്ലാ സംസ്കാരങ്ങളെയും നമ്മുടെ സംസ്ഥാനത്ത് നവോത്ഥാന നായകന്മാരും കേരളത്തിലെ മുഖ്യധാരാ ദേശീയ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം സ്വാതന്ത്ര്യസമര കാലഘട്ടത്തിന് മുമ്പുംപിമ്പുമായി ഉണ്ടാക്കിയിട്ടുള്ള ഒരു ജീവിത സമന്വയമുണ്ട്. ആ ജീവിത സമന്വയം തകർക്കുന്ന രീതിയിലാണ് ശ്രീ. വെള്ളാപ്പള്ളി നടേശന്റെ അപകടകരമായ, ഈ വർഗ്ഗീയ വിഷം ചീറ്റുന്ന പ്രസംഗം. ഇതിനുമുമ്പ് കേരളത്തിൽ ഇത്തരത്തിൽ വർഗ്ഗീയ പ്രസംഗങ്ങൾ നടത്തിയ ആളുകളുടെ പേരിൽ നിരന്തരമായി കേസെടുക്കുകയും ജയിലിലിലടയ്ക്കുകയും ചെയ്തിട്ടുണ്ട്. തൊഗാഡിയ കേരളത്തിൽ വന്ന് പ്രസംഗിച്ചതിനെതിരെപോലും കേസെടുക്കാൻ വീറുകാണിച്ച ഗവൺമെന്റാണ് ഇവിടെയുണ്ടായിട്ടുള്ളത്. അതുകൊണ്ട് ആലുവയിലെ പ്രസംഗം മാത്രമല്ല, ഇടുക്കിയിൽ ഇന്നലെ നടത്തിയ പ്രസംഗവും ഓരോരോ സ്ഥലങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രസംഗങ്ങളും കേരളത്തിന്റെ സാഹോദര്യവും സമാധാനവും തകർക്കുകയും മത-സാമുദായിക സൗഹാർദ്ദം ഇല്ലാതാക്കുകയും ചെയ്യും. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ്

കർശനമായ നിലപാടെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വെള്ളാപ്പള്ളി നടേശൻ നടത്തിവരുന്ന സമത്വമുന്നേറ്റ യാത്രയ്ക്ക് ആലുവയിൽ 29.11.2015-ന് നൽകിയ സ്വീകരണ യോഗത്തിൽവച്ച് ശ്രീ. വെള്ളാപ്പള്ളി നടേശൻ നടത്തിയ പ്രസംഗത്തിൽ കോഴിക്കോട് അഴുക്കുചാൽ വൃത്തിയാക്കുന്നതിനിടയിൽ അപകടത്തിൽപ്പെട്ട രണ്ടുപേരെ രക്ഷിക്കുവാനുള്ള ശ്രമത്തിനിടയിൽ മരണപ്പെട്ട നൗഷാദിന്റെ കുടുംബത്തിന് സർക്കാർ നൽകിയ സഹായത്തെ വിമർശിച്ചുകൊണ്ട് മരിക്കുകയാണെങ്കിൽ മുസ്ലീമോ ക്രിസ്ത്യാനിയോ ആയി മരിക്കണം, ഹിന്ദുവാണെങ്കിൽ ആരും തിരിഞ്ഞുനോക്കുകയില്ല എന്നുംമറ്റും പറഞ്ഞുവെന്നും അത് കേരളത്തിലെ വിവിധ മതവിഭാഗങ്ങൾക്കിടയിൽ ശത്രുതയും വെറുപ്പും മതവിദ്വേഷവും സ്പർദ്ധയും വളർത്താൻ സഹായിക്കുന്നതാണെന്നും കേരളത്തിലെ മതസൗഹാർദ്ദം തകർത്ത് മതങ്ങൾക്കിടയിൽ ശത്രുത വളർത്തുന്നതിനുള്ള മന:പൂർവ്വമായ ആസൂത്രണത്തിന്റെ ഭാഗമാണിതെന്നും അതിനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരനും ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ.-

യും എനിക്ക് കത്ത് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മാധ്യമങ്ങളിലൂടെയും ഇക്കാര്യം ആവശ്യപ്പെട്ടുകയുണ്ടായി. ഈ കത്തുകൾ കിട്ടിയ സന്ദർഭത്തിൽ ത്തന്നെ ഞാൻ ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം&വിജിലൻസ്)ക്ക് കത്തുകൈമാറി. അവർ അപ്പോൾത്തന്നെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ. ടി. അസഫ് അലിയുടെ കയ്യിൽനിന്ന് ഉപദേശങ്ങൾ വാങ്ങി ഡി.ജി.പി. ശ്രീ. ടി.പി.സെൻകുമാറിന് കൊടുത്തു. അവിടെനിന്ന് ആലുവ എസ്.പി.-ക്ക് ആ കത്ത് റഫർ ചെയ്തു. ആലുവ എസ്.പി., ഐ.പി.സി 153 (a) വകുപ്പുപ്രകാരം 30.11.2015-ന് ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 4111/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ്സിന്റെ അന്വേഷണം ആലുവ പോലീസ് ഇൻസ്പെക്ടർ നടത്തിവരികയാണ്. പൊതുപ്രവർത്തകനായ ഗിരീഷ് ബാബു. ജി., പുന്നക്കാടൻ വീട്, കളമശ്ശേരി എന്ന ആളും പരാതി നൽകിയിട്ടുണ്ട്. ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച കാര്യം വളരെ ഗൗരവമുള്ളതാണ്. നമ്മുടെ നാട്ടിലെ മതസൗഹാർദ്ദത്തെ തകർക്കുന്ന ഒരു നീക്കത്തെയും ഗവൺമെന്റിന് അനുവദിക്കാൻ സാധ്യമല്ല. നിയമ വ്യവസ്ഥയെ ചോദ്യം ചെയ്യാൻ ആരെയും

അനുവദിക്കുന്നതല്ല. ആരും നിയമത്തിന് അതീതരല്ല. മതേതരത്വത്തിന്റെ ശാക്തിക ഭൂമിയിൽ വർഗ്ഗീയകലാപമുണ്ടാക്കാൻ ആരുശ്രമിച്ചാലും അതിനെ ഗവൺമെന്റ് ഫലപ്രദമായി നേരിടും. യുഗപ്രഭാവനാണ് ശ്രീനാരായണഗുരുദേവൻ. അദ്ദേഹമാണ് ഈ ലോകത്തിനുമുഴുവൻ വെളിച്ചം പകർന്നത്. ചാതുർവർണ്ണ്യത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ട് മനുഷ്യസമൂഹത്തിന്റെ സാഹോദര്യത്തിനും മതസൗഹാർദ്ദത്തിനുംവേണ്ടി ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും ജനങ്ങളോട് ആഹ്വാനം ചെയ്യുകയും ചെയ്ത ശ്രീനാരായണഗുരുദേവൻ ഉഴുതുമറിച്ച ഈ പുണ്യഭൂമിയിൽ വർഗ്ഗീയതയുടെ വിഷവിത്ത് വിതയ്ക്കാൻ കേരളീയ സമൂഹം ആരെയും അനുവദിക്കുകയില്ല എന്നുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുക യാണ്. ഇനിയും വർഗ്ഗീയ കലാപങ്ങൾക്ക് വഴിതെളിക്കുന്ന പ്രസംഗങ്ങളോ പ്രവർത്തനങ്ങളോ ആരുടെ ഭാഗത്തുനിന്നുണ്ടായാലും ഗവൺമെന്റ് കർശനമായി അതിനെ നേരിടും. ഈ സംസ്ഥാനത്ത് വർഗ്ഗീയത ആളിക്കത്തിക്കുവാനും വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സൗഹാർദ്ദ പരവും സമാധാനപരവുമായ സഹവർത്തിത്വം തകർക്കാനും നടക്കുന്ന ഒരു നീക്കത്തേയും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. അത് ശ്രീ. വെള്ളാപ്പള്ളി

നടേശനെന്നല്ല മറ്റാരു ശ്രമിച്ചാലും അതിനെ ഗവൺമെന്റ് കർശനമായി നേരിടും. അതുപോലെ സംസ്ഥാനത്ത് വിവിധ മതവിഭാഗങ്ങൾ തമ്മിൽ അസ്വസ്ഥതയും പ്രതിസന്ധിയും ഉണ്ടാക്കുന്ന തരത്തിലും അത് വർദ്ധിപ്പിക്കുന്ന തരത്തിലും ഒരു നടപടിയെയും അംഗീകരിക്കാൻ നിർവ്വാഹമില്ല. ശക്തമായി കടുത്ത നടപടി എടുക്കേണ്ടി വന്നാൽ അതിനും ഗവൺമെന്റ് മടിക്കുകയില്ല എന്നു പറയാനും ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്.

## (6) ശിവഗിരി ശ്രീനാരായണ ഗുരുമന്ദിരത്തിന് നേരെയുള്ള അക്രമം

ശ്രീ. വർക്കല കഹാർ: സർ, ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ പറഞ്ഞതുപോലെ, ജാതിയുടെയും മതത്തിന്റെയും ഏറ്റവും വലിയ വിഭ്രാന്തി പരത്തിയിരുന്ന വടക്കേ ഇന്ത്യയിൽനിന്നും ഇവിടെവന്ന സ്വാമി വിവേകാന്ദൻ കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ അന്നത്തെ അവസ്ഥ അങ്ങനെയായിരുന്നു. എന്നാൽ 'ജാതിഭേദവും മതദ്വേഷവും ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന' ഒരു മാതൃകാ കേരളത്തിനും മാതൃകാ രാജ്യത്തിനും മാതൃകാ ലോകത്തിനുംവേണ്ടി തന്റെ ആയുസ്സും വപുസ്സും ആത്മതപസ്സും ത്യജിച്ച ശ്രീനാരായണ ഗുരുദേവനെ മോശമായി ചിത്രീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടക്കുകയാണ്. ഗുരുദേവ പ്രതിമകൾ

പലയിടത്തും തകർക്കപ്പെടുന്നു. ഗുരുദേവ പ്രതിമകൾ തകർക്കപ്പെടുന്നത് ഗുരുനിന്ദയാണ്. എന്റെ നാട്ടിൽ, ശിവഗിരി വട്ടപ്ലാമൂട് ശ്രീനാരായണ ഗുരുമന്ദിരം **14.09.2015**-ന് സാമൂഹ്യ വിരുദ്ധർ കല്ലെറിഞ്ഞ് നശിപ്പിക്കുകയുണ്ടായി. ഏതോ ഗൂഢസംഘം ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതായാണ് എല്ലാവരും വിശ്വസിക്കുന്നത്. ജാതി മത ഭേദമന്യേ എല്ലാവരും ആദരിക്കുന്ന ഈ ഗുരുമന്ദിരത്തിനു നേരെയുള്ള അക്രമം വലിയ പ്രതിഷേധത്തിന് ഇടയാക്കി. ഒന്നര മാസക്കാലം നീണ്ടുനിന്ന ഗുരുദേവ ഭക്തരുടെ ഉപവാസത്തിൽ ശിവഗിരി മഠത്തിലെ ബഹുമാന്യരായ സന്യാസിവര്യന്മാരും പങ്കെടുക്കുകയുണ്ടായി. ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, ശ്രീ. സി. ദിവാകരൻ എം.എൽ.എ., സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരായ നിരവധി നേതാക്കന്മാർ തുടങ്ങിയവർ വിവിധ ഘട്ടങ്ങളിലായി പങ്കെടുക്കുകയുണ്ടായി. ഈ ഹീനകൃത്യം ചെയ്ത കുറ്റവാളിയേയും ഇതിന് പിന്നിൽ പ്രവർത്തിച്ച നിഗൂഢ ശക്തികളെയും കണ്ടുപിടിക്കണമെന്നതാണ് ശിവഗിരി മഠത്തിലെ സന്യാസിമാരുടെയും ഗുരുദേവ ഭക്തരുടെയും ആവശ്യം. ഈ ആവശ്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി സന്യാസിമാരും ബന്ധപ്പെട്ട സംഘടനാ പ്രതിനിധികളും ചർച്ച ചെയ്യുകയുണ്ടായി.

അതിനെത്തുടർന്ന് ഒന്നരമാസക്കാലത്തെ ഉപവാസ സമരം അവസാനിപ്പിക്കുകയുണ്ടായി. ഇതുസംബന്ധമായ സി.സി.ടി.വി. ദൃശ്യങ്ങളും മറ്റു തെളിവുകളും ശാസ്ത്രീയമായ രീതിയിൽ അന്വേഷണത്തിന് വിധേയമാക്കി കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വർക്കല അയിരൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ വട്ടപ്ലാമൂട് ജംഗ്ഷനിൽ സ്ഥാപിച്ച ശ്രീനാരായണ ഗുരുദേവ മന്ദിരത്തിനുനേരെ **13.09.2015**-ന് രാത്രി പതിനൊന്ന് മണിക്കും പന്ത്രണ്ട് മണിക്കും ഇടയിൽ അജ്ഞാതർ മോട്ടോർ സൈക്കിളിൽ എത്തി കല്ലെറിഞ്ഞ് കണ്ണാടിക്കൂടിനും പ്രതിമയ്ക്കും കേട് വരുത്തിയതുമായി ബന്ധപ്പെട്ട് ഗുരുദേവമന്ദിരം പ്രസിഡന്റ് ശ്രീ. അയ്യപ്പന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 153 (എ), 295, 427 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 904/2015 ആയി അയിരൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. കല്ലെറിയുന്ന ശബ്ദം കേട്ട് നാട്ടുകാർ ഓടിവന്ന സമയം അക്രമി മോട്ടോർ സൈക്കിളിൽ കയറി രക്ഷപ്പെട്ടതായി അന്വേഷണത്തിൽനിന്നും അറിയാൻ കഴിഞ്ഞു. നാട്ടുകാർ വിവരം അറിയിച്ചതിനെത്തുടർന്ന് അയിരൂർ, വർക്കല

പോലീസ് സ്റ്റേഷനുകളിൽനിന്നും ഉദ്യോഗസ്ഥർ എത്തി അന്വേഷണം നടത്തുകയുണ്ടായി. അയിരൂർ എസ്.ഐ. ഈ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് ഫിംഗർ പ്രിന്റ്, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളെക്കൊണ്ട് പരിശോധന നടത്തിയും പരിസരവാസികളെ കണ്ട് ചോദിച്ചും മറ്റും അന്വേഷണം നടത്തിവരവെ വിശദമായ അന്വേഷണത്തിന് ആറ്റിങ്ങൽ ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുകയുണ്ടായി. നൂറിൽപ്പരം ആളുകളെ ചോദ്യം ചെയ്തു. സി.സി.ടി.വി. ക്യാമറയിലെ ദൃശ്യങ്ങൾ പരിശോധിച്ചു. ലാപ്ടോപ്പ് കമ്പ്യൂട്ടർ മുഖേന പരിസരവാസികളെ കാണിച്ചും പൊതുജനങ്ങൾ തിങ്ങിക്കൂടുന്ന പ്രദേശങ്ങളിൽ പ്രദർശിപ്പിച്ചും അന്വേഷണം നടത്തിയെങ്കിലും ദൃശ്യങ്ങൾക്ക് വ്യക്തതയില്ലാത്തതു കൊണ്ട് പ്രതിയുടെ ശരിയായ രൂപമോ മോട്ടോർ സൈക്കിളിനെപ്പറ്റിയുള്ള വിവരങ്ങളോ നമുക്ക് ലഭിച്ചില്ല. ഈ ദൃശ്യങ്ങൾക്ക് ശാസ്ത്രീയ മാർഗ്ഗത്തിലൂടെ വ്യക്തത വരുത്താൻ ശ്രമിച്ചെങ്കിലും അതിനും കഴിഞ്ഞിട്ടില്ല. പ്രദേശത്തെ മൊബൈൽ ടവർ കേന്ദ്രീകരിച്ച് അന്വേഷണം നടത്തിയെങ്കിലും കൂടുതൽ സൂചനകൾ കിട്ടിയിട്ടില്ല. കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള അന്വേഷണത്തിനായി കേസ് തിരുവനന്തപുരം റൂറൽ ഡി.സി.ആർ.ബി. ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.സി.ടി.വി. യുടെ ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ

രേഖാചിത്രം തയ്യാറാക്കി പ്രതിയെ കണ്ടെത്താനുള്ള ഊർജ്ജിതമായ ശ്രമം നടന്നുവരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. നിരവധി തവണ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അവിടെ ഒന്നരമാസമായി നിരാഹാരം നടന്നുവരികയാണ്. സംഭവസ്ഥലത്ത് എസ്.പി. പോയി അവരോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് അവർ നിരാഹാരം പിൻവലിച്ചത്. അവർ വീണ്ടും നിരാഹാരമിരുന്നപ്പോൾ അതിന്റെ പ്രതിനിധി സംഘം എന്നെ കാണാൻ വരികയും ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് അവർ നിരാഹാരം പിൻവലിക്കുകയും ചെയ്തു. ഒരു സ്പെഷ്യൽ ടീമിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായി ഈ കേസ് അന്വേഷിക്കും. പ്രതികളെ കണ്ടെത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയാണെന്ന് ബഹുമാനപ്പെട്ട വർക്കല കഹാർ എം.എൽ.എ. യെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. വർക്കല കഹാർ: സർ, ശിവഗിരി ശ്രീനാരായണ ഗുരുദേവ പ്രതിമ തകർക്കുന്നതുമായി ബന്ധപ്പെട്ട സി.സി.ടി.വി. ക്യാമറയിലെ ദൃശ്യങ്ങൾ മാധ്യമങ്ങളിലൂടെ കാണിക്കാൻ ഡിപ്പാർട്ടുമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം. വളരെ meticulous ആയി പോലീസ് അന്വേഷിക്കുന്ന ഒരു കേസാണിത്. സി.സി.ടി.വി. ക്യാമറയിലെ ദൃശ്യങ്ങൾക്ക് വ്യക്തതയില്ലാത്തതാണ് ഒരു പ്രശ്നം.

കാര്യമായ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ anxiety യും anguish ഉം ഒക്കെ ഞാൻ മനസ്സിലാക്കുന്നു. വളരെ ഗൗരവത്തോടുകൂടിത്തന്നെ സ്പെഷ്യൽ ടീമിന്റെ അന്വേഷണം മുന്നോട്ട് കൊണ്ടുപോയി പ്രതിയെ എത്രയും വേഗം പിടിക്കണമെന്നുള്ള നിശ്ചയ ദാർഢ്യത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്.

## (7) യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം

ഡോ. കെ. ടി. ജലീൽ: സർ, കേരളത്തിൽ സർവ്വകലാശാലാ കോളേജദ്ധ്യാപകർക്കായി യു.ജി.സി. യുടെ ആറാം ശമ്പളപരിഷ്ക്കരണം 2006 മുതൽ പ്രാബല്യത്തോടെ 2010 മാർച്ചിൽ നടപ്പിലാക്കുകയുണ്ടായി. ഇതുപ്രകാരം സർവ്വീസിൽ ആറ് വർഷം പൂർത്തിയായാൽ ആദ്യത്തെ പ്ലേസ്മെന്റ് നൽകും. പതിനൊന്ന് വർഷം പൂർത്തിയായാൽ രണ്ടാമത്തെ പ്ലേസ്മെന്റ് നൽകും, പതിനാല് വർഷം പൂർത്തിയായാൽ മൂന്നാമത്തെ പ്ലേസ്മെന്റും നൽകണമെന്നാണ് വ്യവസ്ഥ. കേരളത്തിൽ 2010 ജൂൺ 30 വരെ ഡ്യൂ ആയ പ്ലേസ്മെന്റുകൾ മാത്രമേ നൽകിയിട്ടുള്ളൂ. അതായത്, 2004-നുമുമ്പ് സർവ്വീസിൽ വന്നവർക്കേ പ്ലേസ്മെന്റ് കിട്ടിയിട്ടുള്ളൂവെന്നർത്ഥം. നിലവിൽ സർവ്വീസിലുള്ള കോളേജ് അദ്ധ്യാപകരിൽ

എൺപത് ശതമാനത്തിലധികം പേരും 2005-നുശേഷം സർവ്വീസിൽ വന്നിട്ടുള്ളവരാണ്. 2010-ൽ നടന്ന ആറാം ശമ്പള പരിഷ്കരണ നിർദ്ദേശമനുസരിച്ച് പ്ലേസ്മെന്റ് ലഭിക്കണമെങ്കിൽ ഓരോ അദ്ധ്യാപകനും നിശ്ചിത അളവ് അക്കാദമിക് പെർഫോമൻസ് ഇൻഡക്സ് കരസ്ഥമാക്കേണ്ടതുണ്ട്. കോളേജിൽ അദ്ധ്യാപകർ ഏർപ്പെടുകയും ഏറ്റെടുക്കേണ്ടതുമായ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളുടെ തോതും മികവും നോക്കിയാണ് എ.പി.ഐ. തീരുമാനിക്കുന്നതെന്നാണ് പറയപ്പെടുന്നത്. എന്നാൽ ഏതൊക്കെ പ്രവർത്തനങ്ങൾ എത്ര എ.പി.ഐ. നൽകാമെന്ന് സർക്കാർ ഇതുവരെ തീരുമാനിച്ച് ഉത്തരവിറക്കിയിട്ടില്ല. ഇക്കാര്യത്തിൽ യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. അവ അപ്പാടെയോ ഭേദഗതികളോടെയോ സർക്കാരിന് നടപ്പാക്കാവുന്നതാണ്. കേരളത്തിലെ സർവ്വകലാശാലകളിലും സ്വകാര്യ എയ്ഡഡ് കോളേജുകളിലും ഇത് നടപ്പാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ ഗവൺമെന്റ് കോളേജ് അദ്ധ്യാപകർക്ക് മാത്രമാണ് ഈ ആനുകൂല്യം ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുന്നത്. എന്റെ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്, സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അധ്യാപകർക്കും സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അധ്യാപകർക്കും ലഭിച്ചുവരുന്ന പ്ലേസ്മെന്റ് ആനുകൂല്യം സർക്കാർ കോളേജുകളിലെ

അദ്ധ്യാപകർക്കുകൂടി ലഭ്യമാക്കുവാൻ സത്വരനടപടികൾ സർക്കാർ സ്വീകരിക്കണമെന്നുള്ളതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 21.12.1999-ൽ നടപ്പാക്കിയ യു.ജി.സി.- യുടെ അഞ്ചാം ശമ്പള പരിഷ്കരണപ്രകാരം കോളേജ് അദ്ധ്യാപകർക്ക് പ്ലേസ്മെന്റ് ലഭിച്ചിരുന്നത് ലക്ചറർ (സീനിയർ സ്കെയിൽ), ലക്ചറർ (സെലക്ഷൻ ഗ്രേഡ്), റീഡർ, പ്രൊഫസർ എന്ന രീതിയിലായിരുന്നു. ലക്ചറർ തസ്തികയിൽനിന്നും ലക്ചറർ (സീനിയർ സ്കെയിൽ) തസ്തികയിലേയ്ക്ക് പ്ലേസ്മെന്റ് ലഭിക്കാൻ ആറ് വർഷത്തെ സർവ്വീസ് വേണം, ഒരു ഓറിയന്റേഷൻ കോഴ്സ്, റിഫ്രഷർ കോഴ്സ് എന്നിവയിൽ പങ്കെടുത്തിരിക്കണം എന്നീ വ്യവസ്ഥകളാണുണ്ടായിരുന്നത്. എം.ഫിൽ, പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കിയ അദ്ധ്യാപകർക്ക് ആറ് വർഷത്തെ സർവ്വീസിൽനിന്നും യഥാക്രമം ഒന്നും രണ്ടും വർഷത്തെ ഇളവും അനുവദിച്ചിരുന്നു. ലക്ചറർ (സീനിയർ സ്കെയിൽ) എന്ന തസ്തികയിൽ അഞ്ച് വർഷം പൂർത്തിയാക്കുകയും രണ്ട് റിഫ്രെഷർ കോഴ്സുകളിൽ പങ്കെടുക്കുകയും ചെയ്ത അധ്യാപകർക്കാണ് സെലക്ഷൻ ഗ്രേഡ് ലക്ചററായി പ്ലേസ്മെന്റിന് അർഹതയുണ്ടായിരുന്നത്. അതിൽ പി.എച്ച്.ഡി. ബിരുദം നേടിയ അദ്ധ്യാപകർ റീഡർ തസ്തികയിലേയ്ക്ക് പ്ലേസ്മെന്റിന് അർഹരായിരുന്നു. റീഡറായി

എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയ അദ്ധ്യാപകരെയാണ് പ്രൊഫസർ തസ്തികയിലേയ്ക്ക് പരിഗണിച്ചിരുന്നത്. എന്നാൽ യു.ജി.സി.- യുടെ ആറാം ശമ്പള പരിഷ്കരണപ്രകാരം അദ്ധ്യാപകരുടെ തസ്തികകൾ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെ നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതും 2010-ലെ റെഗുലേഷൻസ് പ്രകാരം യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എ.പി.ഐ.) ബാധകമാക്കിയിട്ടുള്ളതുമാണ്. 27.03.2010-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം അദ്ധ്യാപകരുടെ വേതനം 01.01.2006 പ്രാബല്യത്തിൽ പരിഷ്കരിക്കുകയും പരിഷ്കരിച്ച ശമ്പളം 01.03.2010 മുതൽ നൽകിത്തുടങ്ങുകയും ചെയ്തു. 01.01.2006 മുതൽ 30.06.2008 വരെയുള്ള ശമ്പള കുടിശ്ശിക തുക അദ്ധ്യാപകർക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്. പഴയ യു.ജി.സി. സ്കീം പ്രകാരം 30.6.2010 വരെ സീനിയർ സ്കെയിൽ, സെലക്ഷൻ ഗ്രേഡ് എന്നിവ അനുവദിച്ച് കൊടുത്തിട്ടുള്ളവർക്ക് റിവൈസ്ഡ് സ്കെയിലും തത്തുല്യമായ ഗ്രേഡുകളും അക്കൗണ്ടന്റ് ജനറൽ അനുവദിച്ചുകൊടുത്തിട്ടുണ്ട്. 30.6.2010-നുശേഷം അർഹമായ പ്ലേസ്മെന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിന്റെ ഭാഗമായിട്ടുള്ള അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (API)

മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോളേജ് അധ്യാപക സംഘടനകളുമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചർച്ച നടത്തുകയുണ്ടായി. അതിനെത്തുടർന്ന് കരിയർ അഡ്വാൻസ്മെന്റ് സ്കീമുമായി ബന്ധപ്പെട്ട എ.പി.ഐ. സ്കോറിന്റെ ഘടന സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കോളേജ് അധ്യാപക സംഘടനകളുമായി വിശദമായ ചർച്ച നടത്തി നിർദ്ദേശങ്ങൾ സമാഹരിച്ചശേഷം പുതുക്കിയ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ചശേഷം അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടി, അങ്ങ് രണ്ട് മന്ത്രിമാരുടെ മറുപടിക്കായി രണ്ട് സബ്മിഷനുകൾ തന്നിട്ടുണ്ട്, ഒന്ന് പി.ഡബ്ല്യു.ഡി മിനിസ്റ്റർക്കും മറ്റൊന്ന് ജലവിഭവ വകുപ്പുമന്ത്രിക്കും. സഭയുടെ കീഴ്വഴക്കമനുസരിച്ച് ഒരംഗത്തിന് ഒരു മന്ത്രിയോടേ സബ്മിഷൻ ഉന്നയിക്കാവൂ. അങ്ങ് ഏത് മന്ത്രിയോടാണ് ചോദിക്കുന്നത്?

ശ്രീ. വി. ശിവൻകുട്ടി: ആഭ്യന്തര വകുപ്പുമന്ത്രി.......

<u>മി. സ്പീക്കർ</u>: ആഭ്യന്തര വകുപ്പുമന്ത്രിക്ക് അങ്ങ് സബ്മിഷൻ തന്നിട്ടില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ജലവിഭവ വകുപ്പുമന്ത്രിക്കും അങ്ങ് സബ്മിഷൻ തന്നിട്ടുണ്ട്. അതിൽ അങ്ങേയ്ക്കിഷ്ടമുള്ള ഏതെങ്കിലും ഒരു മന്ത്രിയുടെ വിഷയം അവതരിപ്പിക്കാം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇത് എന്റെ ഒരു പേഴ്സണൽ എക്സ്പ്ലനേഷനാണ്. അങ്ങ് പറയുന്നതുപോലെ നൂറ് ശതമാനവും ഞാൻ അനുസരിക്കാം.

<u>മി. സ്പീക്കർ</u>: തെറ്റായ കീഴ്വഴക്കം അങ്ങ് ദയവായി സൃഷ്ടിക്കരുത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ആഭ്യന്തര വകുപ്പുമന്ത്രി സംസാരിച്ച കൂട്ടത്തിൽ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ചാണ്. പ്രതിപക്ഷാംഗം എന്ന നിലയിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്തുകൊണ്ടുള്ള എന്റെ പ്രവർത്തനം ഈ സഭയിൽ നടത്തുന്നത് ശ്രീ രമേശ് ചെന്നിത്തലയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് എനിക്ക് മനസിലായി. അദ്ദേഹത്തിന്റെ കോംപ്ലിമെന്റ് ഏറ്റവും നല്ല കാര്യമായിത്തന്നെ സ്വീകരിക്കുകയാണ്. ഒരു ബുദ്ധിമുട്ടുമുണ്ടാക്കാതെ പ്രതിപക്ഷത്തിരിക്കുന്ന ആളുകളെക്കുറിച്ച് നല്ല അഭിപ്രായം ഒരുപക്ഷേ അദ്ദേഹത്തിനുണ്ടായിരിക്കും. അതുകൊണ്ട് എനിക്കൊരു കുഴപ്പവുമില്ലായെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ അതൊരു ലൈറ്റർ വേയിൽ പറഞ്ഞതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാനും തമാശയിൽത്തന്നെ പറഞ്ഞതാണ്.

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷൻ ഏത് മിനിസ്റ്റർക്കുള്ളതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പറഞ്ഞുവരുമ്പോൾ അങ്ങേയ്ക്കത് മനസിലാകും.

മി. സ്പീക്കർ: അങ്ങ് രണ്ട് വിഷയം രണ്ട് മന്ത്രിമാർക്ക് തന്നിരിക്കുകയാണ്. തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കരുത്.

## (8) എം.എൽ.എ. ഹോസ്റ്റലിലെ കുടിവെള്ള പ്രശ്നം

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ മൂന്ന് ദിവസമായി എം.എൽ.എ . ക്വാർട്ടേഴ്സിൽ വെള്ളമില്ല. ഇവിടെ വന്നിരിക്കുന്ന പല എം.എൽ.എ. മാർക്കും ഇന്നലെ കുളിക്കാതെ സഭയിൽ വരേണ്ടിവന്നു. അത് അങ്ങ് ഇതറിയുന്നുണ്ടോ? (പത്രം ഉയർത്തിക്കാട്ടി) ഇന്നത്തെ മെട്രോ മനോരമയിലെ വാർത്തയാണിത് - 'മൂന്നാം ദിവസവും പരമ ദ്രോഹം; വെള്ളമില്ലാത്ത നഗരം.' ഇതിനൊരു പരിഹാരം കാണണം. അടിയന്തരമായി ജലവിഭവ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചു കൂട്ടണം. എം.എൽ.എ. ക്വാർട്ടേഴ്സിൽ വെള്ളമെത്തിക്കണം. നഗരവാസികളെ ഈ

പരമദ്രോഹത്തിൽ നിന്നും രക്ഷപ്പെടുത്തണം. കരമന-കളയിയ്ക്കാവിള .......

മി. സ്പീക്കർ: ഒരു മന്ത്രിക്കുള്ള സബ്മിഷൻ മാത്രമേ ഉന്നയിക്കാവൂ. അങ്ങ് ആദ്യം ഉന്നയിച്ചത് സബ്മിഷനല്ലേ?

ശ്രീ. വി. ശിവൻകുട്ടി: സർ, അത് അങ്ങ് ചോദിച്ച കാര്യം പറഞ്ഞതാണ്. ഞാൻ സബ്മിഷൻ ചോദിച്ചില്ല.

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):സർ,....

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ സബ്മിഷൻ അവതരിപ്പിക്കട്ടെ.

മി. സ്പീക്കർ: അങ്ങ് സബ്മിഷൻ അവതരിപ്പിച്ചു കഴിഞ്ഞു. അതിന് മറുപടി പറയുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റ് കഴിഞ്ഞു.

ശ്രീ. വി. ശിവൻകുട്ടി: സർ, നിർമ്മാണപ്രവർത്തനം തുടങ്ങി ഒരു വർഷം കഴിഞ്ഞിട്ടും കരമന -കളിയിയ്ക്കാവിള ദേശീയപാതാ വികസനം എങ്ങുമെത്താത്ത അനിശ്ചിതത്വത്തിലാണ്. 2014 ഒക്ടോബർ മാസം 24-ാം തീയതിയാണ് കരമന -കളിയിയ്ക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാം റീച്ചായ നേമം നിയോജകമണ്ഡലത്തിലെ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള 5.5 കിലോമീറ്റർ റോഡിന്റെ നിർമ്മാണ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചത്.

ആദ്യഘട്ടമെന്ന നിലയിൽ ..........

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടിയുടെ സബ്മിഷൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കല്ല. പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിന് മറുപടി പറയരുത്. ഇത് ശരിയായ കീഴ്വഴക്കമല്ല. ആദ്യം ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, അരുവിക്കരയിൽ നിന്നും 288 എം.എൽ.ഡി. ശുദ്ധജലമാണ് നൽകുന്നത്. അതിൽ 72 എം.എൽ.ഡി. പ്ലാന്റിൽ കാലപ്പഴക്കംകൊണ്ട് പുതിയ ജലസംഭരണിയുണ്ടാക്കേണ്ടിവന്നു. പുതിയതായി നിർമ്മിച്ച ജലസംഭരണിയിലേയ്ക്ക് വെള്ളം എത്തിക്കുവാൻവേണ്ടി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന ജോലിക്കുവേണ്ടിയാണ് 24 മണിക്കൂർ പമ്പിംഗ് നിർത്തിവയ്ക്കേണ്ടി വന്നത്. ഇത് ഒഴിവാക്കാൻ സാധിക്കുന്ന കാര്യമല്ല. അത് ആദ്യമേതന്നെ എല്ലാവരെയും അറിയിക്കുകയും ചെയ്തിരുന്നു. ഞാൻ എഞ്ചിനീയർമാരുടെ യോഗം വിളിച്ചിരുന്നു. പ്രസ്തുത ജോലി പൂർത്തിയാക്കി. ഇപ്പോൾ എം.എൽ.എ. ക്വാർട്ടേഴ്സ് ഉൾപ്പെടെ എല്ലായിടത്തും വെള്ളം ലഭിക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി ഉന്നയിച്ചത് വളരെ സീരിയസായ വിഷയമാണ്. വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് നിർത്തിയപ്പോൾ

സ്വാഭാവികമായും വെള്ളം കിട്ടാതെ വന്നു. എം.എൽ.എ. ക്വാർട്ടേഴ്സിലും കിട്ടാതെ വന്നു. അത് ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ വാട്ടർ അതോറിറ്റിയിൽ ലോറികളിൽ വെള്ളം എത്തിക്കാൻ ആവശ്യപ്പെട്ടു. വാട്ടർ അതോറിറ്റി ലോറികളിൽ എം.എൽ.എ. ക്വാർട്ടേഴ്സിൽ വെള്ളം എത്തിച്ചു. ഒന്നോ രണ്ടോ ഫ്ലാറ്റുകളിൽ മാത്രമാണ് അൽപ്പം ബുദ്ധിമുട്ട് വന്നത്.

## (9) താനൂർ ഫിഷിംഗ് ഹാർബർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി 2014 ഫെബ്രുവരിയിൽ ആരംഭിച്ചതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ഇൻബോർഡ് വള്ളങ്ങളുള്ള തീരങ്ങളിലൊന്നായ താനൂരിൽ മൽസ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തി മുഖ്യമന്ത്രി തറക്കല്ലിട്ടതുമുതൽ ഒരു ദിവസം പോലും നിശ്ചലമായിരുന്നില്ല. എന്നാൽ ബ്രേക്ക് വാട്ടറിന്റെ പ്രവൃത്തി ഏകദേശം 70 ശതമാനത്തോളം പൂർത്തീകരിച്ചതിനുശേഷം ഇപ്പോൾ പ്രവൃത്തി നിശ്ചലമായിരിക്കുകയാണ്. കടലിന്റെ ആഴം തിട്ടപ്പെടുത്തുന്നതിൽവന്ന വ്യതിയാനംമൂലം കല്ല് തികയാതെ വന്നിരിക്കുന്നുവെന്നാണ് കരാറുകാരൻ പറയുന്നത്. ഭരണാനുമതി ലഭിച്ച വാർഫും ഓഷ്യൻവാളും ബ്രേക്ക് വാട്ടറും പൂർത്തീകരിക്കാതെ പ്രവൃത്തി നടത്താനാവില്ലെന്നും അറിയിക്കുന്നു. ബ്രേക്ക്

വാട്ടർ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ വാർഫും ഓഷ്യൻവാളും പ്രവൃത്തി നടത്താനാകൂ. കേന്ദ്രസർക്കാരിലേയ്ക്ക് അയച്ച കോംപ്രിഹെൻസീവ് റിപ്പോർട്ടിന് ഇതുവരെ അനുമതിയായിട്ടില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ ഭരണാനുമതി ലഭിച്ച 44 കോടിരൂപയുടെ പ്രവൃത്തി തുടരുന്നതിനുള്ള സാങ്കേതിക പ്രയാസങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും കേന്ദ്രാനുമതിയുടെ കാലതാമസം ഒഴിവാക്കുന്നതിനും പ്രവൃത്തി നിശ്ചലമാകാതെ അനുസ്യൂതം തുടരുന്നതിനും സംസ്ഥാനസർക്കാർ നടപടി എടുക്കണമെന്ന് ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 75 ശതമാനം കേന്ദ്രധനസഹായ പദ്ധതിയിലുൾപ്പെടുത്തി 4,487 ലക്ഷം രൂപയുടെ ഭരണാനുമതി 30-01-2013-ന് നൽകിയതാണ്. അതിന്റെ നിർമ്മാണപ്രവർത്തനം മുടങ്ങാതെ നടന്നു കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ പുലിമുട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് പ്രാഥമിക സൗണ്ടിംഗ് എടുത്തപ്പോൾത്തന്നെ കടലിന്റെ തീരത്തോട് അടുത്ത ഭാഗം മുതൽ ആഴം കൂടിയതായി കാണപ്പെട്ടു. ആയതിനാൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ കല്ലിന്റെ അളവിലും

റിക്ലമേഷൻ ബണ്ടിന്റെ അളവിലും കാര്യമായ വർദ്ധനവുണ്ടായി. ഈ പ്രവൃത്തികൾക്കായി 43.21 ശതമാനം അധികമായിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് സർക്കാർ ഉപാധികളോടെ അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഉത്തരവിൽ ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് മുഖേന സൗണ്ടിംഗ് എടുത്ത് ലെവൽ തിട്ടപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് മുഖേന സൗണ്ടിംഗ് എടുത്ത് ചാർട്ട് പരിശോധിച്ചുവരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എടുത്ത ആഴത്തിലും ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് എടുത്ത ആഴത്തിലും വ്യത്യാസം കണ്ടതിനാൽ ജോയിന്റായി ലെവൽ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 850 മീറ്റർ നീളത്തിലുള്ള വടക്കേ പുലിമുട്ട് 480 മീറ്റർ നീളത്തിലും 1050 മീറ്റർ നീളമുള്ള തെക്കേ പുലിമുട്ട് 810 മീറ്റർ നീളത്തിലും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പുലിമുട്ടുകളുടെ പ്രവൃത്തിക്കാവശ്യമായ കല്ലിന്റെ അളവ് കരാർ പ്രകാരമുള്ള അളവിനേക്കാൾ അധികരിച്ചതിനാൽ പുലിമുട്ടുകളുടെ ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ശാന്തമായ **നൗകാശയം** ലഭിക്കത്തക്കവിധത്തിൽ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിച്ചാൽ മാത്രമേ ഈ കരാറിലെ

ശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. പുലിമുട്ട് നിർമ്മാണത്തിന്റെ അളവിൽ വർദ്ധനവ് വന്നതിനാലും ക്രമീകരിച്ച പ്രവൃത്തികളിൽ ദർഘാസ് അധികം വന്നതിനാലും ഇനി ക്രമീകരിക്കാനുള്ള പ്രവൃത്തികൾക്ക് പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുള്ളതിനാലും നിലവിലുള്ള തുകയായ 4,487 ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ 8,117 ലക്ഷം രൂപയായി പുതുക്കി കോംപ്രിഹെൻസീവ് റിപ്പോർട്ട് ഭരണാനുമതിക്കായി കേന്ദ്രസർക്കാരിലേയ്ക്ക് 20-03-2015-ൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കേന്ദ്രസർക്കാരിൽനിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ആദ്യം ഭരണാനുമതി കൊടുത്ത 44 കോടിരൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ പറ്റുമോ എന്നുള്ളതിന്റെ പ്രായോഗിക/സാങ്കേതിക വശങ്ങൾ പരിശോധിക്കുന്നതാണ്. ഇന്നുതന്നെ ബഹുമാനപ്പെട്ട മെമ്പറുടെ സാന്നിദ്ധ്യത്തിൽ ചീഫ് എഞ്ചിനീയറുമായും ഹാർബർ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുമായും ഇക്കാര്യം ചർച്ച ചെയ്യുന്നതാമാണ്.

## (10) കർഷകർക്ക് സൗജന്യ വൈദ്യുതി

ശ്രീ. കെ. അച്ചുതൻ: സർ, രേഖകൾ അനുസരിച്ച്, കേരളത്തിലെ ഏറ്റവും വലിയ വരൾച്ചാ ബാധിത പ്രദേശം ചിറ്റൂരാണ്. അവിടെ 10-15 വർഷമായി, നെൽകർഷകർക്ക് പരിപൂർണ്ണമായും കരകർഷകർക്ക് അഞ്ചേക്കർ വരെയും സൗജന്യ വൈദ്യുതി കൊടുത്തുകൊണ്ടിരുന്നതാണ്. എന്നാൽ കഴിഞ്ഞ പാർലമെന്റ് ഇലക്ഷന് തൊട്ടുമുമ്പായി കുറെയാളുകളുടെ വൈദ്യുതി ഡിസ്കണക്ട് ചെയ്യുന്ന സാഹചര്യം വന്നു. എന്താണെന്ന് അന്വേഷിച്ചപ്പോൾ കൃഷി വകുപ്പിൽനിന്നുംനിന്നും ഇലക്ട്രിസിറ്റി ബോർഡിന് പണം അടച്ചില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. കൃഷി വകുപ്പ് വ്യത്യസ്തമായ അഭിപ്രായങ്ങളാണ് പറയുന്നത്. ഒരു കർഷകന് ഒരു മോട്ടോർ കണക്ഷൻ മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ എന്നാണ് കൃഷി വകുപ്പ് പറയുന്നത്. 700-800 അടി ആഴത്തിൽ നിന്ന് വെള്ളം ലിഫ്റ്റ് ചെയ്ത് അടുത്ത ഒരു കിണറിലേയ്ക്ക് ഒഴുക്കി കിണറിൽ നിന്നും വീണ്ടും പമ്പ് ചെയ്താണ് ആളുകൾ കൃഷി ചെയ്യുന്നത്. ഇതുവരെ കർഷകർക്ക് സബ്സിഡി കിട്ടിക്കൊണ്ടിരുന്നതാണ്. ഈ ആനുകൂല്യം ഒരു കാരണവശാലും നിർത്തരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഓരോ തവണ ഇലക്ഷൻ വരുമ്പോഴും വൈദ്യുതി ഡിസ്കണക്ട് ചെയ്യുകയാണ്. ഇക്കഴിഞ്ഞ

പഞ്ചായത്ത് ഇലക്ഷനമുമ്പായി ഡിസ്കണക്ട് ചെയ്യാൻ വന്നപ്പോൾ ഞാൻ ആളുകളെ വിട്ട് തടഞ്ഞതിനാൽ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. കൃഷിവകുപ്പിൽ നിന്നും ഇലക്ട്രിസിറ്റി വകുപ്പിന് പണം അടച്ചില്ല എന്നാണ് ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ് പറയുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ദയവുചെയ്ത് ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുള്ള പണം നൽകുകയോ അല്ലെങ്കിൽ തൽക്കാലം അടയ്ക്കാമെന്നെങ്കിലും പറഞ്ഞ് ഡിസ്കണക്ഷൻ നോട്ടീസ് തടയാനുള്ള വഴിയുണ്ടാക്കണമെന്നുമാത്രം അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷികാവശ്യത്തിനുള്ള സൗജന്യവൈദ്യുതി 1995-96 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരികയാണ്. നെൽകൃഷിക്ക് പൂർണ്ണമായും സൗജന്യമായി വൈദ്യുതി അനുവദിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് 235/95/കൃഷി

31-10-1998 പ്രകാരം രണ്ട് ഹെക്ടർവരെ കരഭൂമിയുള്ള എല്ലാ കാർഷിക വിളകൾക്കും 1997 മുതൽ ഈ ആനുകൂല്യം ബാധകമാക്കിയിരുന്നു. കാർഷിക സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി കർഷകർക്കുള്ള മാനദണ്ഡങ്ങൾ സർക്കാർ നിഷ്കർഷിച്ചത് ഇപ്രകാരമാണ്. 30 സെന്റ് ഭൂമിയിൽ കുറയാതെ കൃഷിഭൂമിയുള്ളവരും അതിൽ 75 ശതമാനത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവരുമായ വ്യക്തികൾ, 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ, 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ. കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് കൃഷി വകുപ്പാണ് വൈദ്യുതി ബോർഡിന് നൽകിവരുന്നത്. 2013-ലെ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം കാർഷിക മേഖലയിലെ വൈദ്യുതി സബ്സിഡി ആനുകൂല്യം നൽകുന്നതിന് നിലവിലെ ഉപഭോക്താക്കളെ വിവിധ കാറ്റഗറിയിൽ വൈദ്യുതി ബോർഡ് തരംതിരിക്കുകയുണ്ടായി. ഇതിൻപ്രകാരം ഭക്ഷ്യവിളകൾക്കുള്ള ജലസേചനം LTV-A, HT-III A വിഭാഗങ്ങളിൽ, കുറഞ്ഞ യൂണിറ്റ് നിരക്കിലും ഫ്ലോറികൾച്ചർ, പോളിഹൗസ് കൃഷി, നഴ്സറി എന്നിവ അല്പം ഉയർന്ന യൂണിറ്റ് നിരക്കുകളിൽ LTV - B, HT-III- B വിഭാഗങ്ങളിലും തരംതിരിച്ചിരുന്നു.

തെങ്ങ്, സുഗന്ധവിള കൃഷി എന്നിവ മേൽ വിഭാഗത്തിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു. എങ്കിലും അത് പരിഹരിച്ചുകൊണ്ടുള്ള ഉത്തരവ് കൃഷി വകുപ്പിന്റെ സമ്മർദ്ദത്താലും കാർഷിക മേഖലയിൽ നിന്നുള്ള ഇടപെടലും മൂലം കെ.എസ്.ഇ.ബി. പിന്നീട് പുറപ്പെടുവിക്കുകയുണ്ടായി. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിലുൾപ്പെട്ട എല്ലാ കർഷകരുടെയും വൈദ്യുതി ചാർജ്ജ് കൃഷി വകുപ്പ് ഇപ്പോഴും കെ.എസ്.ഇ.ബി.ക്ക് നൽകിവരികയാണ്. 2015-16 വർഷം ഇതിനായി 32 കോടി 79 ലക്ഷം രൂപയാണ് കൃഷി വകുപ്പ് ചെലവഴിച്ചുവരുന്നത്. ഇതുകൂടാതെ പോളിഹൗസ് കൃഷിക്കുള്ള വൈദ്യുതിക്കും 2015-16 വർഷം കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നുണ്ട്. ഒരു സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളിഹൗസുകൾക്ക് പ്രത്യേക വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിലൂടെ 50 യൂണിറ്റ് വരെ പ്രതിമാസം സൗജന്യ വൈദ്യുതി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u>: (മൈക്ക് ഓഫ്)................

## (11) മങ്കട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, കഴിഞ്ഞ കുറേ വർഷങ്ങളായി മങ്കടയിൽ പ്രവർത്തിക്കുന്ന സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി, കൂടുതൽ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ഈ സഭയിലും പുറത്തും ഞങ്ങൾ നിരന്തരമായി ഉന്നയിച്ചതാണ്. 2014-15-ലെ ബഡ്ജറ്റ് ചർച്ചയുടെ അവസാനം കുറിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനത്തിൽ ഈ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുമെന്ന് പ്രഖ്യാപിക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ടോക്കൺ എമൗണ്ട് അനുവദിക്കുകയും ചെയ്തു. അതിനുശേഷം ധനകാര്യ വകുപ്പുമന്ത്രിയേയും ആരോഗ്യ വകുപ്പുമന്ത്രിയേയും ബന്ധപ്പെട്ട് ഇതിനാവശ്യമായ ഉത്തരവ് ഇറക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും നിർഭാഗ്യവശാൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് കിട്ടിയ മറുപടി ഇപ്പോൾ അതിന് സാധ്യമല്ലെന്നാണ്. അതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് വീണ്ടും ഞങ്ങൾ ഒരു അപേക്ഷ കൊടുത്തിരുന്നു. ആ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തി നടപടി സ്വീകരിക്കേണ്ടതുണ്ട്. കാരണം, ഒൻപതോളം പഞ്ചായത്തുകളുടെ ഒരു ഹെൽത്ത് ബ്ലോക്കാണത്. പെരിന്തൽമണ്ണ മുതൽ മഞ്ചേരി വരെ ഏകദേശം 23 കിലോമീറ്റർ ദൂരത്തിൽ മറ്റൊരു

കിടത്തി ചികിത്സയുള്ള ആശുപത്രിയില്ല. അതുകൊണ്ട് ഈ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യത്തിൽ കാലവിളംബമില്ലാതെ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലപ്പുറം ജില്ലയിലെ മങ്കട സി.എച്ച്.സി.-യിൽ ശരാശരി പ്രതിദിന ഒ.പി. 600 മുതൽ 650 വരെയും ഐ.പി. 40 മുതൽ 50 വരെയും കിടക്കകളുടെ എണ്ണം 26-ഉം ആണ്. 01.09.2014-ൽ രണ്ട് സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെ നാല് തസ്തികകൾ മങ്കട സി.എച്ച്.സി.-യിൽ സൃഷ്ടിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മങ്കട സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് 2014-15-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവന്നെങ്കിലും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവ്യയ നിയന്ത്രണം നിലനിന്നിരുന്നതിനാൽ 2014-15 സാമ്പത്തിക വർഷം പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. ആവശ്യമുള്ള തസ്തികകൾ അനുവദിച്ചും ഭൗതിക സാഹചര്യമൊരുക്കിയും ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി

ഉയർത്തുന്നതിലേയ്ക്കുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസുകൾ)